നവീനഭൂമി
NAVEENA BHUMI
(Registered Malayalam Newspaper)
Published from Kochi

Estd. 2002, KERMAL 15439 | Highlighting on Cultural, Political, Educational, Health & Commercial fields | 2024 നവംബർ 15-30 പുസ്തകം 11 ലക്കം 10 പേജ് 4 വില 5.00 | Email: naveenabhumi@gmail.com

സിയാലിൽ നിന്ന് പമ്പയിലേക്ക് ബസ് സർവീസ്

നെടുമ്പാശ്ശേരി: ശബരിമല തീർത്ഥാടകരുടെ സൗകര്യാർത്ഥം കൊച്ചി രാജ്യാന്തര വിമാനത്താവളത്തിൽ നിന്നും പമ്പയിലേക്ക് ബസ് സർവീസ് ആരംഭിച്ചു. മന്ത്രി പി. രാജീവ് ബസ് സർവീസ് ഉദ്ഘാടനം ചെയ്തു.

ദിവസവും രാത്രി 8-ന് പുറപ്പെട്ട് പുലർച്ചെ 2.30-ന് പമ്പയിലെത്തും. കെ.എസ്.ആർ.ടി.സി. ഓൺലൈൻ വഴിയും ബസിൽ നേരിട്ടും ടിക്കറ്റുകൾ ലഭ്യമാകും. www.online.ksrtcswift.com എന്ന വെബ്സൈറ്റ് വഴിയും 9539215231, 9562738311 എന്നീ നമ്പറുകളിലും ടിക്കറ്റുകൾ ബുക്ക് ചെയ്യാവുന്നതാണ്.

ട്രെയിനുകൾക്ക് സ്റ്റോപ്പ് അനുവദിച്ചു

വൈക്കം: വൈക്കത്തഷ്ടമി പ്രമാണിച്ച് ട്രെയിനുകൾക്ക് വൈക്കം റോഡ് സ്റ്റേഷനിൽ സ്റ്റോപ്പ് അനുവദിച്ചു. നാല് എക്സ്പ്രസ് ട്രെയിനുകൾക്കാണ് നവംബർ 21 വ്യാഴാഴ്ച മുതൽ 23 ശനിയാഴ്ച വരെ താൽക്കാലിക സ്റ്റോപ്പ് അനുവദിച്ചത്.

നവംബർ 23-ന് വൈക്കത്ത് പ്രാദേശിക അവധി

വൈക്കം: വൈക്കം മഹാദേവക്ഷേത്രത്തിലെ 2024-ലെ അഷ്ടമി ഉത്സവവുമായി ബന്ധപ്പെട്ട് അഷ്ടമി ദിവസം വൈക്കം താലൂക്കിൽ ജില്ലാ കളക്ടർ ജോൺ വി സാമുവൽ ഐ.എ.എസ്. അവധി പ്രഖ്യാപിച്ചു. അഷ്ടമി ഉത്സവമായ 2024 നവംബർ 23 (ശനിയാഴ്ച) വൈക്കം താലൂക്കിലെ എല്ലാ സർക്കാർ ഓഫീസുകൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും പ്രാദേശിക അവധി പ്രഖ്യാപിച്ചിട്ടുണ്ട്. അന്നേ ദിവസം മുൻ നിശ്ചയപ്രകാരം ഏതെങ്കിലും പൊതുപരിപാടികളോ പൊതുപരീക്ഷയോ നടത്തുവാൻ നിശ്ചയിച്ചിട്ടുണ്ടെങ്കിൽ ആയതിന് ഈ അവധി ബാധകമായിരിക്കുന്നതല്ലെന്ന് കളക്ടർ അറിയിച്ചു.

സ്ത്രീകൾക്ക് തയ്യൽ പരിശീലനം

കൊച്ചി: സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന സ്ത്രീകൾക്ക് ടോക് എച്ച് കൊച്ചിൻ ശാഖ തയ്യൽ പരിശീലനം നൽകുന്നു.

ഫോൺ: 9633645797

വൈക്കത്തഷ്ടമി നവംബർ 23-ന്

വൈക്കം: മഹാദേവ ക്ഷേത്രത്തിലെ അഷ്ടമി ഉത്സവത്തിന് കൊടിയേറി. നവംബർ 12 ന് രാവിലെ 8 നും 8.45 നും മധ്യേയുള്ള ശുഭ മുഹൂർത്തത്തിൽ തന്ത്രി മുഖ്യന്മാരായ ബ്രഹ്മശ്രീ. ഭദ്രകാളി മറ്റപ്പള്ളി മനയ്ക്കൽ നാരായണൻ നമ്പൂതിരി, കിഴക്കിനിയേടത്ത് മേക്കാട്ട് മനയ്ക്കൽ ബ്രഹ്മശ്രീ. മാധവൻ നമ്പൂതിരി എന്നിവരുടെ മുഖ്യകാർമികത്വത്തിലാണു കൊടിയേറ്റ് നടന്നത്. കൊടിയേറ്റിനുശേഷം ദേവസ്വം കമ്മീഷണർ സി.വി. പ്രകാശ് കൊടിക്കീഴിലും ഹരിശ്രീ അശോകൻ കലാമണ്ഡലത്തിലും ഭദ്രദീപം തെളിയിച്ചു.

നവംബർ 23-നാണ് പ്രസിദ്ധമായ വൈക്കത്തഷ്ടമി. വെളുപ്പിന് 4,30-ന് അഷ്ടമി ദർശനം, 24-ന് ഉദയനാപുരം ക്ഷേത്രത്തിൽ നടക്കുന്ന കൂടിപൂജ വിളക്കോടെയാണ് ഈ വർഷത്തെ ഉത്സവം സമാപിക്കുന്നത്. 25-നാണ് മുക്കുടി നിവേദ്യം.

ഭാരതത്തിലെ മഹാദേവ ക്ഷേത്രങ്ങളിൽ ഒന്നാം നിരയിൽ നിൽക്കുന്നതും നാദസ്വരൂപനും അന്നദാന പ്രഭുവുമായ തിരുവൈക്കത്തപ്പൻ വാണരുളുന്നതാണ് വൈക്കം മഹാദേവ ക്ഷേത്രം. അഭിഷ്ട വരദായകനായ വൈക്കത്തപ്പന്റെ ചൈതന്യം രാവിലെ ദക്ഷിണാമൂർത്തിയായും ഉച്ചയ്ക്ക് കിരാത മൂർത്തിയും വൈകിട്ട് ശിവപാർവ്വതി രൂപത്തിലും ഇവിടെ കുടികൊള്ളുന്നു.

സമസ്ത ഭുവനത്തിനും ജീവരാശികൾക്കും വേണ്ടി താരകാസുര നിഗ്രഹം കഴിഞ്ഞ് വിജയശ്രീ ലാളിതനായി വരുന്ന മകന്റെ സമാഗമത്തിനായി തപിച്ചു കൊണ്ട് ഉപവാസമനുഷ്ടിക്കുന്ന അച്ഛനമ്മമാരുടെ മുന്നിൽ സുബ്രഹ്മണ്യ സ്വാമി ദർശനം ചെയ്ത പുണ്യ ദിനമാണ് അഷ്ടമി.

അഷ്ടമിയോടനുബന്ധിച്ച് വൈക്കത്ത് എത്തുന്ന ഭക്തജനങ്ങളുടെയും വഴിവാണിഭക്കാരുടെയും ബാഹുല്യം മുൻവർഷങ്ങളെ അപേക്ഷിച്ച് വർദ്ധിച്ചിരിക്കുകയാണ്.

ശബരിമല റോപ് വേയ്ക്ക് സാധ്യത തെളിയുന്നു

തിരുവനന്തപുരം: തിരുവിതാംകൂർ ദേവസ്വം ബോർഡിന് അഭിമാനമുഹൂർത്തമായി ശബരിമല റോപ്‌വേയ്ക്ക് വഴിതെളിയുന്നു. ഇതുസംബന്ധിച്ച് വനഭൂമിക്ക് പകരം റവന്യൂ ഭൂമി അനുവദിച്ച് സർക്കാർ ഉത്തരവിറക്കി.

2.7 കി.മീറ്റർ ദൂരം 10 മിനിട്ടു കൊണ്ട് പമ്പയിൽനിന്ന് സന്നിധാനത്തെത്താമെന്നതാണ് ഇതിന്റെ പ്രത്യേകത. ഇതുവഴി അവശ്യസാധനങ്ങൾ എത്തിക്കുന്നതിനും അത്യാഹിതത്തിൽപ്പെടുന്നവരെ മാറ്റുന്നതിനുമാണ് റോപ്‌വേ സംവിധാനം ഒരുക്കുന്നത്. തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രസിഡന്റ് പി.എസ്. പ്രശാന്ത് മുൻകൈയെടുത്താണ് പദ്ധതി നടപ്പാക്കുന്നത്. വനംവകുപ്പിന്റെ അനുമതി ലഭിച്ചാൽ ഒരുവർഷത്തിനകം റോപ്‌വേ സാധ്യമാക്കാൻ കഴിയുമെന്ന പ്രതീക്ഷയാണ്.

റോപ്‌വേയുടെ പ്രതീകാത്മക ചിത്രം

കലോത്സവത്തിനിടെ വിദ്യാർഥികൾ കുഴഞ്ഞുവീണു

വൈക്കം: ബ്രഹ്മമംഗലം എച്ച്.എസ്.എസ്. & വി.എച്ച്.എസ്.എസ് സ്കൂളിൽ വെച്ച് നടക്കുന്ന വൈക്കം ഉപജില്ലാ സ്കൂൾ കലോത്സവത്തിൽ സ്റ്റേജ് പരിപാടി കഴിഞ്ഞ് ഇറങ്ങുന്നതിടെ മത്സരാർത്ഥികളായ 3 വിദ്യാർഥികൾ കുഴഞ്ഞു വീണു. ചവിട്ടുനാടകം കഴിഞ്ഞ് ഇറങ്ങുന്നതിനിടെ വൈക്കം കോൺവെന്റ് സ്കൂൾ വിദ്യാർഥികളാണ് കുഴഞ്ഞു വീണത്.



ഇൻമെക് ഏർപ്പെടുത്തിയ സല്യൂട്ട് കേരള ബഹുമതികൾ പ്രഖ്യാപിച്ചു

കൊച്ചി: കേരളത്തിന്റെ വ്യവസായ വളർച്ചയ്ക്ക് മികച്ച സംഭാവനകൾ നൽകിയ നാട്ടിലെ സംരംഭകരെ ആദരിക്കുന്നതിനായി ഇൻഡോ ഗൾഫ് ആന്റ് മിഡിൽ ഈസ്റ്റ് ചേംബർ ഓഫ് കൊമേഴ്സ് (INMECC) ഏർപ്പെടുത്തിയ സല്യൂട്ട് കേരള 2024 ബഹുമതികൾ പ്രഖ്യാപിച്ചു. ആജീവനാന്ത സംഭാവനയ്ക്കുള്ള ഇൻമെക് ലീഡർഷിപ്പ് സല്യൂട്ട് പുരസ്കാരം ഡോ. പി. മുഹമ്മദ് അലി ഗൾഫാറിനാണ്.

നവംബർ 26-ന് രാവിലെ 9.30-ന് ഹോട്ടൽ താജ് വിവാന്തയിൽ നടക്കുന്ന ആദരവ് സമർപ്പണം മന്ത്രി പി. രാജീവ് നിർവഹിക്കും. ധനമന്ത്രി കെ. എൻ. ബാലഗോപാൽ മുഖ്യാതിഥിയാകും. പ്രതിപക്ഷ നേതാവ് വി.ഡി. സതീശൻ, വ്യവസായവകുപ്പ് സെക്രട്ടറി മുഹമ്മദ് ഹനീഷ് തുടങ്ങിയവർ വിശിഷ്ടാതിഥികളായിരിക്കുമെന്ന് ഇൻമെക് ചെയർമാൻ ഡോ. എൻ.എം. ഷറഫുദ്ദീൻ, സെക്രട്ടറി ജനറൽ ഡോ. സുരേഷ്കുമാർ മധുസൂദനൻ, കേരള ചാപ്റ്റർ പ്രസിഡന്റ് ഡോ. അഡ്വ. ഉണ്ണികൃഷ്ണൻ, സെക്രട്ടറി യൂനുസ് അഹമ്മദ് തുടങ്ങിയവർ പത്രസമ്മേളനത്തിൽ അറിയിച്ചു.

10 വ്യവസായികൾക്കാണ് എക്സലൻസ് സല്യൂട്ട് ബഹുമതി നൽകുന്നത്. ജോർജ് ജോസഫ് മുത്തൂറ്റ് (മുത്തൂറ്റ് ഫിനാൻസ് ലിമിറ്റഡ്), ഡോ. വിജു ജേക്കബ് (സിന്തൈറ്റ് ഇൻഡസ്ട്രീസ് പ്രൈവറ്റ് ലിമിറ്റഡ്), ഗോകുലം ഗോപാലൻ (ഗോകുലം ഗ്രൂപ്പ്), വി. കെ. മാത്യൂസ് (ഐ.ബി.എസ്. സോഫ്റ്റ്‌വെയർ), ഡോ. കെ.വി. ടോളിൻ (ടോളിൻസ് ടയേഴ്സ് ലിമിറ്റഡ്), കെ. മുരളീധരൻ (മുരള്യ. എസ്.എഫ്.സി. ഗ്രൂപ്പ്), വി.കെ. റസാക്ക് (വി.കെ.സി. ഗ്രൂപ്പ്), ഷീല കൊച്ചൗസേപ്പ് (വി-സ്റ്റാർ ക്രിയേഷൻസ് പ്രൈവറ്റ് ലിമിറ്റഡ്), പി.കെ, മായൻ മുഹമ്മദ് (വെസ്റ്റേൺ ഇന്ത്യാ പ്ലൈവുഡ് ലിമിറ്റഡ്), ഡോ. എ.വി. അനൂപ് (എ.വി.എ. മെഡിമിക്സ് ഗ്രൂപ്പ്) എന്നിവരെയാണ് ആദരിക്കുന്നത്.

ഇൻഡോ ഗൾഫ് ആന്റ് മിഡിൽ ഈസ്റ്റ് ചേംബർ ഓഫ് കൊമേഴ്സ് (INMECC) ഏർപ്പെടുത്തിയ സല്യൂട്ട് കേരള 2024 ബഹുമതികൾ പ്രഖ്യാപിക്കുന്ന പത്ര സമ്മേളനത്തിൽ ഇൻമെക് ചെയർമാൻ ഡോ. എൻ.എം. ഷറഫുദ്ദീൻ, സെക്രട്ടറി ജനറൽ ഡോ. സുരേഷ്കുമാർ മധുസൂദനൻ, കേരള ചാപ്റ്റർ പ്രസിഡന്റ് ഡോ. അഡ്വ. ഉണ്ണികൃഷ്ണൻ, സെക്രട്ടറി യൂനുസ് അഹമ്മദ് തുടങ്ങിയവർ

വൈക്കത്തിന്റെ വികസനത്തിന് കുതിപ്പേകാൻ നിക്ഷേപ സംഗമം നടത്തി

വൈക്കത്തിന്റെ വികസനം ലക്ഷ്യമിട്ടുകൊണ്ടു നടത്തിയ നിക്ഷേപ സംഗമത്തിന്റെ സമാപന സമ്മേളനം മന്ത്രി പി. രാജീവ് ഉദ്ഘാടനം ചെയ്യുന്നു

വൈക്കം: വൈക്കത്തിന്റെ വികസനം ലക്ഷ്യമിട്ടു കൊണ്ടു നടത്തിയ നിക്ഷേപ സംഗമത്തിന്റെ സമാപന സമ്മേളനം മന്ത്രി പി. രാജീവ് ഉദ്ഘാടനം ചെയ്തു. കഴിഞ്ഞ മൂന്നരവർഷം കൊണ്ട് 3.25 ലക്ഷം സംരംഭങ്ങൾ സൃഷ്ടിക്കാൻ സർക്കാരിന് കഴിഞ്ഞുവെന്നും ഈ കാലയളവിൽ 23,000 കോടി രൂപയുടെ നിക്ഷേപവും 7.75 ലക്ഷം തൊഴിലവസരങ്ങളും 1,08,000 സ്ത്രീ സംരംഭകരെയും സൃഷ്ടിക്കാനായെന്നും മന്ത്രി പറഞ്ഞു.

വൈക്കം വൈറ്റ് ഗേറ്റ് റെസിഡൻസി കൺവെൻഷൻ സെന്ററിൽ നടന്ന വ്യവസായ - ടൂറിസം വകുപ്പുകളുടെ സഹകരണത്തോടെ വൈക്കം ബ്ലോക്ക് പഞ്ചായത്ത് സംഘടിപ്പിച്ച സമ്മേളനം ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി. നിക്ഷേപസംഗമത്തിൽ ഉണ്ടായ സംരംഭങ്ങളും പുതിയ സംരംഭ സാദ്ധ്യതകളും പരിശോധിക്കുന്നതിനായി ബ്ലോക്ക്-ഗ്രാമപഞ്ചായത്ത് സമിതി അംഗങ്ങൾ, ബ്ലോക്ക്-ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ, വ്യവസായവകുപ്പ് ജില്ലാ ജനറൽ മാനേജർ തുടങ്ങിയവർ ഉൾപ്പെട്ട സമിതി രൂപീകരിക്കുമെന്നും എല്ലാ മാസവും അവലോകനം നടത്തി ആറുമാസത്തിനുള്ളിൽ റിപ്പോർട്ട് വ്യവയായവകുപ്പ് ഡയറക്ടർക്ക് സമർപ്പിക്കണമെന്നും അദ്ദേഹം പറഞ്ഞു.

സി.കെ. ആശ എം.എൽ.എ. അദ്ധ്യക്ഷത വഹിച്ച യോഗത്തിൽ വൈക്കം സ്വദേശികളായ സംരംഭകരെ മന്ത്രി പി. രാജീവ് ആദരിച്ചു. വൈക്കം ബ്ലോക്ക് പഞ്ചായത്തിന്റെ 'ഉന്നതി' മന്ത്രി, എം.എൽ.എ.യ്ക്ക് നൽകി പ്രകാശനം ചെയ്തു. 135 കോടി രൂപയുടെ നിക്ഷേപ വാഗ്ദാനം ലഭിച്ചതായി രാവിലെ നടന്ന ചടങ്ങിൽ ബ്ലോക്ക് പ്രസിഡന്റ് അഡ്വ. കെ.കെ. രഞ്ജിത്ത് പറഞ്ഞു. ഹോസ്പിറ്റാലിറ്റി, വിനോദസഞ്ചാരം, ഫ്ളാറ്റ് നിർമ്മാണം, ഹൈഡ്രജൻ വാട്ടർ ഉല്പാദനം, റിസോർട്ടുകൾ തുടങ്ങി വിവിധ മേഖലകളിലാണ് സംരംഭകർ സന്നദ്ധത അറിയിച്ചതെന്നും അദ്ദേഹം പറഞ്ഞു.

നവീനദ്രഹി

2024 നവംബർ 15-30 പുസ്തകം 11 ലക്കം 10

സീപ്ലെയ്ൻ ആരുടെ കുഞ്ഞ്?

കേരളത്തിന്റെ ടൂറിസം ചരിത്രത്തിൽ സീപ്ലെയ്ൻ ഒരു നാഴി കക്കല്ലാകുമെന്ന പ്രതീക്ഷയിൽ ആഘോഷത്തോടെ തുടക്ക മിട്ടിരിക്കുകയാണ്. ഇതിന്റെ ഭാഗമായി കൊച്ചി ബോൾഗാട്ടി പാലസിനു സമീപം കായലിൽ നിന്നും മൂന്നാറിലെ മാട്ടുപ്പെട്ടി ഡാമിലേക്ക് പരീക്ഷണ പറക്കൽ വിജയകരമായി പൂർത്തിയാ ക്കി. സംസ്ഥാനത്തിന്റെ വികസന കാഴ്ചപ്പാടിൽ മാറ്റം ആവ ശ്യമാണെന്ന അനിവാര്യത സൂചിപ്പിച്ചു കൊണ്ടായിരുന്നു ആദ്യ ജലവിമാനം പറന്നിറങ്ങിയത്. മന്ത്രിമാരടക്കം ആ പ്ലെയ്നിൽ പറന്നു. അതിന്റെ പരീക്ഷണ വിജയം അവർ ആഘോഷിക്കു കയും ചെയ്തു.

എന്നാൽ ഈ സീപ്ലെയ്ൻ ആരുടെ കുഞ്ഞാണെന്നുള്ള ചോദ്യമാണ് രാഷ്ട്രീയ കേരളത്തിൽ ഉയർന്നു കേൾക്കുന്നത്. ഇപ്പോഴും സർക്കാരും ഇടതുമുന്നണി നേതാക്കളും പദ്ധതിയുടെ ഉടമസ്ഥാവകാശം ഉന്നയിക്കുന്നുണ്ടെങ്കിലും യു.ഡി.എഫ്. സർക്കാരാണ് ഈ പ്രോജക്ട് കൊണ്ടു വരാൻ മുന്നിട്ടിറങ്ങിയ ത്. 2012-ൽ 'എമർജിംഗ് കേരള'യിൽ വന്ന ഒരു പ്രൊപ്പോസ ലാണിത്. 2013-ൽ ഉമ്മൻ ചാണ്ടി സർക്കാരിന്റെ കാലത്ത് സീപ്ലെയ്ൻ കേരളത്തിൽ കൊണ്ടുവന്ന് ഫ്ളാഗ് ഓഫ് ചെയ്യു കയും അത് വികസന പദ്ധതിയുടെ തുടക്കമെന്ന നിലയ്ക്ക് ആഘോഷിക്കുകയും ചെയ്തിരുന്നു. അതുകൊണ്ടാണ് ഞങ്ങ ളാണിതിന് തുടക്കം കുറിച്ചതെന്ന് ഇവർ പറയുന്നത്. അന്ന് സീപ്ലെയ്ൻ കൊണ്ടുവന്നപ്പോൾ ഇടതു യൂണിയനുകളിൽപ്പെട്ട മത്സ്യത്തൊഴിലാളികൾ സംഘടിതമായി വന്ന് അതിനെ പുന്ന മടക്കായലിൽ ലാൻഡ് ചെയ്യാൻ സമ്മതിക്കില്ല എന്നു പറഞ്ഞ് പ്രതിഷേധം ഉയർത്തുകയും ലാൻഡിംഗ് തടസ്സപ്പെടുത്തുകയും ചെയ്തിരുന്നു. അങ്ങനെ അതു നടന്നില്ല. അന്ന് വികസനത്തിന് എതിരായി നിന്നവരാണിപ്പോൾ അതേ പദ്ധതി കൊണ്ടു വരി കയും ഞങ്ങൾ വികസനത്തിന്റെ ആളുകളാണെന്നു പറയു കയും ചെയ്യുന്നതെന്ന് യു.ഡി.എഫുകാരും പറയുന്നു.

സീപ്ലെയ്ൻ ഇവിടെ കൊണ്ടുവരുമ്പോൾ പ്രതിഷേധമുണ്ടാ യിട്ടുണ്ട്. ഇത് ജലഗതാഗതത്തെയും ഒപ്പം തന്നെ മത്സ്യത്തൊ ഴിലാളികളുടെ അതിജീവനത്തെയും അവരുടെ ഉപജീവന ത്തെയും ബാധിക്കുന്ന പ്രശ്നമായിരുന്നു. അതുകൊണ്ടു തന്നെ അതിൽ ഇടതു തൊഴിലാളി സംഘടനകളായ സി.ഐ.ടി.യു., എ.ഐ.ടി.യു.സി. എന്നീ സംഘടനകളും സ്വതന്ത്ര മത്സ്യത്തൊ ഴിലാളി സംഘടനകളും സംയുക്തമായുള്ള ഫിഷർമെൻ കോ-ഓർഡിനേഷൻ കമ്മിറ്റിയാണ് സമരം പ്രഖ്യാപിച്ചത്. ഈ സമ രത്തിൽ മുസ്ലീംലീഗിന്റെ തൊഴിലാളി സംഘടന പോലും സമ രത്തിന്റെ ഭാഗമായി. അതു പോലെ ബി.എം.എസും. മത്സ്യത്തൊ ഴിലാളികളുമായോ അവരുടെ പ്രശ്നങ്ങൾ കേൾക്കാനോ സംസാരിക്കാനോ സർക്കാരിന് കഴിഞ്ഞിരുന്നില്ല. എന്നാൽ ഇന്നത്തെ ഗവൺമെന്റിന് വലിയൊരു തടസ്സമില്ലാതെ ഓപ്പറേറ്റ് ചെയ്യാൻ കഴിഞ്ഞുവെന്നതാണ് വിജയമായി കരുതുന്നത്.

ഇന്നും മത്സ്യത്തൊഴിലാളികളുടെ പ്രശ്നത്തിന് ഇതുവരെ പരിഹാരമായിട്ടില്ല. ചർച്ചയിലൂടെ പരിഹരിക്കുമെന്നാണ് മന്ത്രി റിയാസ് പറയുന്നത്. ഇപ്പോൾ സീപ്ലെയ്ൻ പദ്ധതിക്കെതിരെ യുള്ള സമര പരിപാടികളുമായി ഫിഷറീസ് കോ-ഓർഡിനേ ഷൻ കമ്മിറ്റി മുന്നോട്ടുപോകാൻ തീരുമാനിച്ചിരിക്കുകയാണ്. വന വാസം പോലെ തന്നെ കടൽ അവകാശവും പ്രധാനപ്പെട്ടതാ ണെന്ന് വിവിധ മത്സ്യത്തൊഴിലാളി സംഘടനകൾ ചൂണ്ടിക്കാ ണിക്കുന്നു. ഭൂരിഭാഗം മത്സ്യത്തൊഴിലാളികളും ഉപജീവനം നട ത്തുന്ന ബോൾഗാട്ടി, അഷ്ടമുടി, ചന്ദ്രഗിരി തുടങ്ങിയ സ്ഥല ങ്ങൾ കേന്ദ്രീകരിച്ചാണ് പദ്ധതി. ഇതിന്റെ വാട്ടർ ഡ്രോമിന് അക ത്തേക്ക് പ്രവേശനം നിഷേധിക്കുന്നതോടെ മത്സ്യത്തൊഴിലാ ളികളുടെ ഉപജീവനം തടസ്സപ്പെടുമെന്നാണ് അവർ ചൂണ്ടിക്കാ ണിക്കുന്നത്. ബോൾഗാട്ടിയിൽ 1500 മീറ്റർ നീളത്തിലും 50 മീറ്റർ വീതിയിലുമാണ് വാട്ടർ ഡ്രോം. മുളവുകാട്, താന്തോണിതുരു ത്ത് മേഖലകളിലെ മീൻപിടുത്തക്കാർ ഉപജീവനം കണ്ടെ ത്തുന്ന ഈ പ്രദേശത്ത് അവരുടെ ഉപജീവന കേന്ദ്രങ്ങളിൽ നിന്ന് കുടിയിറക്കുന്നതിന് ഇടവരുത്തുന്നതാണ് ഈ പദ്ധതി യെന്ന് തൊഴിലാളി സംഘടനകൾ പറയുന്നു.

ഇനിയിപ്പോൾ ഇടതു തൊഴിലാളി സംഘടനകളൊന്നും പ്രതിഷേധിച്ചില്ലെങ്കിലും ഇവിടെ ലീഗിന്റെ മത്സ്യത്തൊഴിലാളി യൂണിയനുകൾക്കുണ്ടാകുന്ന പ്രതിഷേധം പരിഹരിക്കാതെ തീർക്കാനാവില്ല. അപ്പോൾ ഈ ഗവൺമെന്റ് അത് അഡ്രസ്സ് ചെയ്ത് യാഥാർത്ഥ്യമാക്കുമോ എന്നതാണ് ഉറ്റുനോക്കുന്നത്.

ഗ്രാമീണ മേഖലകളിലെ വിനോദ സഞ്ചാര മേഖലകളി ലേക്ക് വിനോദ സഞ്ചാരികളെയും സാധാരണക്കാരെയും വിമാ നങ്ങളിൽ യാത്ര ചെയ്യാൻ പ്രോത്സാഹിപ്പിക്കുക എന്ന ലക്ഷ്യ ത്തോടെ കേന്ദ്രസർക്കാർ നടപ്പാക്കുന്ന ഉഡാൻ പദ്ധതിയുടെ ഭാഗമായുള്ളതാണ് സീപ്ലെയ്ൻ സർവീസ്. രണ്ടുവർഷം മുമ്പാണ് കേന്ദ്രസർക്കാരിന്റെ ഉഡാൻ പദ്ധതിയിൽ സീപ്ലെയ്ൻ ഉൾപ്പെ ടുത്തിയത്. രാജ്യത്ത് വാട്ടർ എയ്റോഡ്രോമുകൾ സജ്ജമാക്കു ന്നതിന് കേന്ദ്രസർക്കാർ അഞ്ചുവർഷമായി ധനസഹായം നൽകിക്കൊണ്ടിരിക്കെ താല്പര്യം അറിയിക്കാതിരുന്നതിനാൽ കേരളം കേന്ദ്രത്തിന്റെ പട്ടികയിൽപ്പെട്ടില്ല. കഴിഞ്ഞ മാസമാണ് ഉഡാൻ പദ്ധതിയിൽ കേരളം താല്പര്യമറിയിച്ച് കത്തയച്ചത്.

സംസ്ഥാനത്തെ വിനോദസഞ്ചാര മേഖലയിൽ ഉൾപ്പെടെ വലിയ മുന്നേറ്റത്തിന് അവസരം നൽകുന്നതാണ് സീപ്ലെയ്ൻ എന്നും കേന്ദ്ര സർക്കാരിന്റെ അനുമതി ഇതിന് ലഭിക്കുമെന്നാണ് പ്രതീക്ഷയെന്നും അധികൃതർ പറയുമ്പോൾ കേന്ദ്രാനു മതിയടക്കം ഈ പദ്ധതി ഇനിയും പിന്നിടാനിരിക്കുന്ന കടമ്പ കൾ പലതും ഉണ്ടെന്നുള്ളതാണ് വസ്തുത. സംസ്ഥാനത്തിന്റെ ജലഗതാഗതം, ടൂറിസം മേഖലകൾക്ക് പ്രതീക്ഷകൾ നൽകി ഒന്നാം പിണറായി വിജയൻ സർക്കാർ പ്രഖ്യാപിച്ച കോവളം-ബേക്കൽ ജലപാത പദ്ധതി ഏഴു വർഷമായിട്ടും ഇഴഞ്ഞുനീ ങ്ങുന്നത് കേരളത്തിനു മുന്നിലെ മറ്റൊരു യാഥാർത്ഥ്യമാണ്. മൂന്നു വർഷത്തിനകം പൂർത്തിയാക്കുമെന്ന് 2017-ൽ പ്രഖ്യാ പിച്ച ജലപാതയുടെ മെല്ലെപ്പോക്ക് സീപ്ലെയ്നിനെയും ബാധി ക്കാതിരിക്കട്ടെ എന്ന് നമുക്ക് പ്രത്യാശിക്കാം.

ഭാരതീയ ശ്രേഷ്ഠ പദവികൾ

(കാരൂർ സോമൻ, ചാരും മുട്)

കേരളത്തിലെ ഐ.എ.എസ് ഉദ്യോഗസ്ഥർ ചേരിതിരിഞ്ഞുള്ള പോർക്കളത്തിൽ മന്ത്രി കെ.രാജൻ വിധിനിർണ്ണയം നടത്തിയത് ഉദ്യോഗസ്ഥരെ അഴിച്ചുവിടാൻ ഉദ്ദേശിക്കുന്നില്ലെന്നും കർശന നടപടികളുണ്ടാകുമെന്നാണ്. നമ്മളൊക്കെ ഇന്നുവരെ ധരിച്ചത് ഇന്ത്യയിലെ ഉന്നത വിദ്യാഭ്യാസ ബിരുദമായ ഐ.എ.എസ്, ഐ.പി.എസ് പദവികളിലിരിക്കുന്നവരിൽ നിന്ന് പ്രതീക്ഷിക്കുന്നത് മാനവരാശിയെ ഉന്നതിയിലേക്ക് ഉയർത്തുക, ജീവിത മൂല്യങ്ങൾക്ക് പരമ പ്രാധാന്യം നൽകുക, മനുഷ്യരെ തുല്യരായി കാണുക, പുതിയ കാഴ്ചപ്പാടുകൾ നൽകുക തുടങ്ങിയവയാണ്. കഷ്ടപ്പെട്ട് പഠിക്കുന്ന മിടുക്കരായ എല്ലാം വിദ്യാർത്ഥികൾക്കും ഒരു ലക്ഷ്യബോധമുണ്ട്. അത് ജീവിത പുരോഗമനമാണ്. ഇന്ന് വിദ്യാർത്ഥികൾ നാടുവിടുന്നതും അതിന് തന്നെയാണ്. അവർ നാട് വിടുകയാണോ അവരെ നാട് കടത്തുകയാണോ ചിന്തിക്കേണ്ടത് ഭരണ കൂടങ്ങളാണ്. ആധുനിക ശാസ്ത്രം വളർന്നുകൊണ്ടിരിക്കുന്ന ഈ കാലയളവിൽ ആർജ്ജിതമായ അറിവ് നേടിയവർ ബോധപൂർവ്വം പിന്തിരിപ്പൻ ആശയങ്ങളുമായി പൊതുതാല്പര്യത്തെ ബലികഴിക്കുന്ന വർഗ്ഗ സ്വാർത്ഥ താൽപര്യങ്ങൾക്കായി മാറുക ഐ.എ.എസ്, ഐ.പി.എസ് ഉദ്യോഗസ്ഥർ മാത്രമല്ല ഭരണത്തിലുള്ളവരായാലും അത് സാമൂഹ്യ സാംസ്കാരിക തകർ ച്ചയാണ്. ഐ.എ.എസ് ഉന്നത പദവി വഹിക്കുന്നവരിൽ നിന്ന് മതപരമായ സമീപനം, ഭിന്നിപ്പ് കേരളത്തിൽ കണ്ടത് ഇടി വെട്ട് മഴപോലെയാണ്. മനുഷ്യരെ സംസ്കാര സമ്പന്നരായി വളർത്തികൊണ്ടുവരേണ്ടവർ കച്ചവടം തഴച്ചുവളരുന്നതു പോലെ മതത്തെയും അതിവേഗം വളർത്തുന്നു.സർക്കാർ ജീവനക്കാർ നിയമങ്ങളെ അട്ടിമറിച്ചു ചുട്ടുപഴുത്തുകൊണ്ടിരി ക്കുന്ന ജനാധിപത്യത്തെ, ഭരണഘടനയെ ചുട്ടുചാമ്പലാക്കാനുള്ള ശ്രമങ്ങളാണോ നടക്കുന്നത്?

മതത്തിന്റ പേരിൽ കേരളത്തിൽ ആദ്യമായി സർവ്വീസ് ചട്ടം ലംഘിച്ചുകൊണ്ട് ഒരു ഐ.എ.എസ് ഉദ്യോഗസ്ഥൻ വാട്സ്ആപ്പ് മതഗ്രൂപ്പുണ്ടാക്കാൻ ശ്രമിച്ചെന്നും സൈബർ പോലീസ് നടത്തിയ പരിശോധനയിൽ തെളിവ് ശേഖരണം നട ക്കുന്നു, തെളിവ് നശിപ്പിക്കാനുള്ള ശ്രമം നടന്നുവെന്നും പറയുന്നു. ഇതിന്റെ പേരിൽ തൽക്കാലത്തേക്ക് ജോലിയിൽ നിന്ന് മാറ്റിയെങ്കിലും ഇത് ഐ.എ.എസ് പദവിക്ക് തന്നെ കളങ്കം ചാർത്തിയ സംഭവമാണ്. അധികാരത്തിലിരിന്നുകൊണ്ട് മതപരമായ ഭിന്നിപ്പ്, വർഗ്ഗീയമായി സംഘം ചേരുക തുടങ്ങിയത് ഭരണഘടനാ ലംഘനമാണ്. ഉന്നത പദവികളിലിരിക്കുന്നവർ തന്നെ നിയമങ്ങൾ അട്ടിമറിക്കുമ്പോൾ സാധാരണ മനുഷ്യർ നമ്മുടെ ഭരണഘടനയെ കളിവിളയാട്ടമായി കാണില്ലേ? സമാന മനസ്കരായവർ ഗ്രൂപ്പുകളുണ്ടാക്കുന്നതിൽ ആരും എതിരല്ല. ആശയ സംവാദനത്തിനും, സാംസ്കാരിക വളർച്ചക്കും ഗ്രൂപ്പുകൾ നല്ലതാണ്. എന്നാൽ ഉന്നത പദവികൾ വഹിക്കുന്നവർ ഭൂരിപക്ഷ-ന്യൂന പക്ഷ വർഗ്ഗീയവാദികളായി ഇങ്ങനെ ചെറുതും വലുതുമായ വാട്സ്ആപ്പ് ഗ്രൂപ്പുകളുണ്ടാക്കിയാൽ കേരളം ദൈവത്തിന്റെ നാടിനേക്കാൾ പിശാചിന്റെ നാടായി മാറില്ലേ? പാവങ്ങളുടെ നികുതി പണം ലക്ഷങ്ങൾ കീശയിലാക്കുമ്പോൾ അവരെ സങ്കുചിത വിനാശകരമായ ചിന്തകളി ലേക്ക് വഴി നടത്തുന്നത് വർഗ്ഗീയ താല്പര്യങ്ങൾ തന്നെയാണ്. കാലഹരണപ്പെട്ട വർഗ്ഗീയവും ജാതീയവുമായ ചിന്തകൾ ഹിംസാത്മകം തന്നെ. മനുഷ്യരുടെ വിശാലമായ ഒരു ലോകത്തേക്ക് ഇവർ എന്നാണ് കടന്നുവരിക?

നിയമസംവിധാനങ്ങളെ അട്ടിമറിക്കുന്നവരെ തൽക്കാലത്തേക്ക് മാറ്റിനിർത്തി സർക്കാരിന്റെ മുഖം രക്ഷിക്കാൻ ശ്രമിച്ചാൽ സർക്കാരിന്റെ മുഖമാണ് വികൃതമാകുന്നത്. ഇങ്ങനെ സമൂഹത്തിൽ സംഘർഷങ്ങൾ സൃഷ്ടിക്കുന്നവർക്കെതിരെ കർശന നടപടികളാണ് വേണ്ടത്. സ്വന്തം ഫോണിൽ വിളയിച്ചെടുത്ത മതബോധന ചരക്ക് ഒരു ഐ.എ.എസ് ഉദ്യോഗസ്ഥൻ നശിപ്പിക്കുന്നതും ക്രിമിനൽ കുറ്റമാണ്. സമൂഹത്തിൽ മതപരമായ വേർതിരിവ് സൃഷ്ടിക്കുന്നത് ഭരണനിർവ്വഹണ രംഗത്തെ പരാജയമെന്ന് നിസ്സംശയം പറയാൻ സാധിക്കും. ജാതിപരമായ ഉച്ചനീചത്വങ്ങളെ തുടച്ചുനീക്കേണ്ടവർ അതിന് നേതൃത്വം നല്കുന്നത്. ജാതി പിശാചിനെ തളച്ചിട്ട മണ്ണിൽ ഇതുപോലെ ജാത്യാ ഗുണം തൂത്താൽ മാറാത്ത ജാതി വിഷജന്തുക്കൾ കേരളത്തിലെ മിക്ക വകുപ്പുകളിലുമുണ്ട്. ഈ സമ്പന്ന സവർണ്ണർ ചിന്തിക്കുന്നത് പിന്നോക്ക വിഭാഗത്തിലുള്ളവരും തങ്ങൾക്ക് കീഴിൽ ജോലിചെയ്യുന്നവരും ഇവരുടെ അടിമപ്പണി ഇന്നും ചെയ്യണമെന്നാണോ?

സസ്പെൻഷൻ വാങ്ങിയ മറ്റൊരു ഐ.എ.എസ് ഉദ്യോഗസ്ഥൻ പറയുന്നത് 'ഭരണഘടന അനുവദിക്കുന്ന അഭി പ്രായ സ്വാതന്ത്ര്യം തനിക്കുമുണ്ട്. എല്ലാവരെയും സുഖിപ്പിച്ചുകൊണ്ട് സംസാരിക്കണമെന്ന് ഭരണഘടനയിൽ പറഞ്ഞിട്ടില്ല'. നമ്മൾ ജീവിക്കുന്നത് ബൂർഷ്വാ പ്രത്യാശാസ്ത്രത്തിലല്ല. അഭിപ്രായം രേഖപ്പെടുത്തുക ഇന്ത്യൻ ഭരണഘടന നൽകുന്ന അവകാശമാണ്. മനുഷ്യത്വഹീനങ്ങളായ പ്രവർത്തികൾ കാണുമ്പോൾ ചങ്കൂറ്റത്തോടെ ആത്മധൈര്യത്തോടെ തുറന്നുപറ യുന്ന ചുരുക്കം ഐ.എ.എസ് കാരും ഈ കൂട്ടത്തിലുണ്ട്. ഭരണത്തിലുള്ളവർ കാട്ടുന്ന അനീതികൾക്കൊപ്പം കൈകോർ ത്തുപോകാൻ അവരുടെ ആത്മാഭിമാനം ധാർമ്മികബോധം അനുവദിക്കുന്നില്ല. തൻമൂലം മാനസിക പീഡനങ്ങൾ ഏറ്റുവാ ങ്ങിയവരെയും നമുക്കറിയാം. ഈ ചോദ്യം. കേരളത്തിലെ സാംസ്കാരിക നായകന്മാരോടും ചോദിക്കേണ്ടതാണ്. ഇവർ ഒട്ടകപക്ഷികളെപോലെ തല മണ്ണിൽതാഴ്ത്തിയിരുന്നാൽ ആരും അറിയില്ലെന്നാണ് ധരിച്ചിരിക്കുന്നത്.

ഇന്ത്യൻ ജനാധിപത്യത്തിൽ കണ്ടുവരുന്നത് ഒരുപറ്റം ഐ.എ.എസ്, ഐ.പി.എസ് ഉദ്യോഗസ്ഥർ അധികാരികളോട് വിധേയത്വമുള്ളവരായി മാറി അല്ലെങ്കിൽ പാദസേവകരായി മാറി ഉദ്യോഗത്തിൽ നിന്ന് വിരമിച്ചാലും വീണ്ടും മുന്തിയ പദവികൾ ലഭിക്കുന്നു. പല ഉന്നതബിരുദധാരികളും അവർ ചെയ്യുന്ന തൊഴിലിനോട് മഹാമനസ്സുള്ളവരെങ്കിലും പലപ്പോഴും ജന സമൂഹത്തിന്റെ പ്രശംസയേക്കാൾ മുറുമുറുപ്പോടെ ദാസ്യവേല ചെയ്ത് ഉന്നത പദവികളിലെത്താറുണ്ട്. മുൻ ചീഫ് സെക്രട്ടറി ജിജി തോംമസൺനെപോലുള്ള എത്രയോ ഐ.എ.എസുകാർ മനുഷ്യ മനസ്സുകളിൽ സുഗന്ധമഴയുടെ കുളിരുകോരിയിട്ട വരാണ്.അവിടെയാണ് നിന്ദ്യവും നീചവുമായ മതസ്പർദ്ധ കടന്നുവന്നിരിക്കുന്നത്. മണ്ണിൽ ജനിച്ചുവീഴുന്ന മനുഷ്യരെ ഓരോ മതങ്ങൾ വീതിച്ചെടുക്കുന്നതുപോലെ ഓരോരോ രാഷ്ട്രീയ പാർട്ടികൾ ഊർജ്ജസ്വലരായ ഉദ്യോഗസ്ഥരെ അവരുടെ വർഗ്ഗ താല്പര്യങ്ങൾ സംരക്ഷിക്കാനായി ലാഘവബുദ്ധിയോട് ഉപയോഗിക്കുന്നു.തൻമൂലം പലരും അഗാധമായ കദനഭാരം പേറി മാനസിക സംഘർഷം അനുഭവിക്കുന്നു. ഇതിനിടയിൽ മത ചിന്ത ഇവരിൽ എങ്ങനെ കടന്നുകൂടി? ഇവരുടെ പഠ നകാലം ശാസ്ത്രഗവേഷണ രംഗങ്ങളിൽ ഒന്നും പഠിക്കുന്നില്ലേ? ശാസ്ത്ര സത്യങ്ങൾ പഠിക്കാതെ ജാതി മത ബിരുദാനന്തര ബിരുദമെന്തിനാണ്? വിശ്വാസം, അവിശ്വാസം ഒരാളുടെ അവകാശമാണ്. വിശ്വാസികൾ ഈശ്വരവിശ്വാസത്തിൽ ജീവിക്കു മ്പോൾ അവിശ്വാസി ചോദിക്കുന്നു. ആ ഈശ്വരന്റെ സർവ്വേശ്വരൻ ആരാണ്? അതിനെ അസഹിഷ്ണതയോടെ എന്തിന് കാണണം? മനുഷ്യർക്ക് സ്തുത്യർഹമായ സേവനങ്ങൾ കാഴ്ചവെക്കേണ്ടവർ എങ്ങനെ മതങ്ങളുടെ താങ്ങും തണലുമായി മാറുന്നു?

ഐ.എ.എസ്, ഐ.പി.എസ് ബിരുദം മത പഠനശാലയിൽ നിന്ന് കിട്ടുന്നതല്ല. മത പഠന ശാലയിൽ പഠിച്ചുവരുന്ന വരിൽ കാണുക ഭക്തി ചിന്തയാണ്. അതാകട്ടെ മനുഷ്യനും മനുഷ്യബന്ധങ്ങൾക്കും പരമപ്രാധാന്യമാണ് നൽകുന്നത്. അവർ മനഃശുദ്ധിയുള്ളവരും കാരുണ്യത്തിന്റെ നിറകുടങ്ങളുമാണ്. ഈശ്വര ചിന്ത പുലർത്തുന്ന ഇന്ത്യയിലെ മതങ്ങളെ പഠിച്ചാൽ ആത്മീയ ചിന്തകളേക്കാൾ ജാതിചിന്തകൾക്കാണ് പരമപ്രാധാന്യം കൊടുക്കുന്നത്. മതേതരത്വം മൈതാന പ്രസംഗ ങ്ങളായി ജാതിമത ചിന്തകൾ ഊട്ടിവളർത്തുന്നതിലാണ് എല്ലാം രാഷ്ട്രീയ പാർട്ടികളുടേയും ലക്ഷ്യം. ആർ.എസ്.എസ്സിന്റെ വാദം 'ഒരു സംസ കാരം, ഒരു രാഷ്ട്രം' എന്നാണ്. എന്നാൽ നമ്മുടെ മതേതര ദേശീയബോധത്തിന് തുരങ്കംവെക്കുന്നത് രാഷ്ട്രീയ പാർട്ടികൾ തന്നെയല്ലേ?അധികാരം കീശയിലാക്കാൻ തെരഞ്ഞെടുപ്പുകളിൽ അവരുടെ ജാതി മത തുറുപ്പ് ചീട്ടുകൾ ഇറക്കി കളിക്കുന്നത് നമ്മൾ കാണുകയല്ലേ? പ്രവാസികൾ പ്രത്യേകിച്ചും പാശ്ചാത്യ മലയാളികൾ ഇതിനെ പുച്ഛത്തോട് കാണുന്നു. ലോകത്തു് സമത്വവും സ്വാതന്ത്ര്യവും സാഹോദര്യവും നിലനിർത്താനാണ് ഓരോ മഹാന്മാരും സർഗ്ഗ പ്രതിഭകളും സ്വതന്ത്ര ചിന്തകരും പ്രവർത്തിച്ചിട്ടുള്ളത്. കേരളത്തിലെ പുരോഗമന പ്രസ്ഥാനങ്ങൾ, മഹാത്മാഗാന്ധി, ഗുരുദേവൻ, ജവഹർലാൽ നെഹ്റു, വാജ്പേയ്, ഇ.എം.എസ് തുടങ്ങി ധാരാളം കർമ്മ-ധർമ്മ ഗുരുക്കന്മാർ മനുഷ്യരെ പ്രകാശത്തിലേക്ക് നയിച്ചവരാണ്. 'തമസോമാ ജ്യോതിർഗമായ' (എന്നെ അന്ധകാരത്തിൽ നിന്ന് പ്രകാശത്തിലേക്ക് നയി ച്ചാലും). നല്ല പുസ്തകങ്ങൾ വായിച്ച് വളരാത്ത ഈ മതമൗലിക-രാഷ്ട്രീയ വാദികളോട് പറയാനുള്ളത് ഇന്ത്യയുടെ പരമ പ്രധാനമായ ഉപനിഷത്തുകളെങ്കിലും വായിച്ചിട്ട് ജനസേവനം ചെയ്യുക. ജനാധിപത്യ മതേതര ഇന്ത്യയെ ചീഞ്ഞളിഞ്ഞ നാടുവാഴി ജന്മി കുടിയന്മാരിലേക്ക് മത പ്രഭുക്കന്മാർ എത്തിക്കരുത്.

ജിംനാസ്റ്റിക്സിൽ കരുത്ത് തെളിയിച്ച് എറണാകുളം ജില്ല

സംസ്ഥാന ജിംനാസ്റ്റിക്ക് ചാമ്പ്യൻഷിപ്പിൽ റിഥമിക്ക് ജിംനാസ്റ്റിക്സിൽ മികച്ച പ്രകടനം കാഴ്ച്ചവെച്ച എറണാകുളം ജില്ലാ സബ് ജൂനിയർ അണ്ടർ 10 ടീമംഗങ്ങൾ.

കൊച്ചി: തിരുവനന്തപുരം ജിമ്മി ജോർജ് സ്റ്റേഡിയത്തിൽവച്ച് നടന്ന 59-ാമത് ഓൾ കേരള ജിംനാസ്റ്റിക് സ്റ്റേറ്റ് ചാമ്പ്യൻഷിപ്പിൽ റിഥമിക് ജിംനാസ്റ്റിക്സിൽ കരുത്ത് തെളിയിച്ച് എറണാകുളം ജില്ല. ചാമ്പ്യൻഷിപ്പിൽ റിഥമിക്ക് ജിംനാസ്റ്റിക്സ് സബ് ജൂനിയർ വിഭാഗത്തിൽ 5 സ്വർണ്ണവും 5 വെള്ളിയും അണ്ടർ 10 വിഭാഗത്തിൽ നാല് സ്വർണ്ണവും നാല് വെള്ളിയും 5 വെങ്കലവും എറണാകുളം ജില്ല നേടി. എറണാകുളം ജില്ലയ്ക്കുവേണ്ടി സബ്ജൂനിയർ വിഭാഗത്തിൽ വിശ്രുത വിനോദ് നാല് സ്വർണ്ണവും ഒരു വെള്ളിയും കരസ്ഥമാക്കിയപ്പോൾ അതിത്രി അരുൺപിള്ള ഒരു സ്വർണ്ണവും രണ്ടു വെള്ളിയും കരസ്ഥമാക്കി. ശ്രുതി മഹാദേവും അബിഗെയിൽ തോമസും ഓരോ വെള്ളി വീതം കരസ്ഥമാക്കി. അണ്ടർ 10 വിഭാഗത്തിൽ ദിയാന ഡെയിൽ 4 സ്വർണ്ണവും, കൃപ സമീപൻ നാല് വെള്ളിയും അഗ്നിശിഖ അജു നാല് വെങ്കലവും, ആദ്വിക മറിയ പോൾ ഒരു വെങ്കലവും കരസ്ഥമാക്കി.

കേരളത്തിൽ പ്രവർത്തനം വിപുലീകരിച്ച് കോണേ (KONE) ഇന്ത്യ

തിരുവനന്തപുരം: കേരളത്തിൽ പ്രവർത്തനം വിപുലീക്കാനൊരുങ്ങി എസ്കലേറ്റർ, ഓട്ടോമേഷൻ സൊല്യൂഷൻസ് നിർമ്മാതാക്കളായ കോണേ എലവേറ്റേഴ്സ് ഇന്ത്യ. ഇതിന്റെ ഭാഗമായി പുതിയ ഓഫീസ് തിരുവനന്തപുരത്ത് തുറന്നു. മേഖലയിലെ ഉപഭോക്താക്കൾക്കു മെച്ചപ്പെട്ട സേവനത്തിന് ഊന്നൽ നൽകുക എന്നതാണ് ലക്ഷ്യം.

കോണേ ഇന്ത്യയുടെ നിലവിലുള്ള പദ്ധതികളായ സൺ ടെക് ഇൻഫ്രാസ്ട്രക്ചർ പ്രൈവറ്റ് ലിമിറ്റഡ്, എസ്.എഫ്.എസ്. റിട്രീറ്റ്, ഫേവറിറ്റ് ഹോംസ്, ടെക്നോ പാർക്ക്, ഇൻഫോസിസ്, തിരുവനന്തപുരത്തെ ആർടെക് പ്രോജക്ടുകൾ, പോലെയുള്ളതാണ് ഉള്ളൂർ-ആക്കുളം റോഡിലാരംഭിച്ച പുതിയ ഓഫീസും. എലിവേറ്റർ ഡിസൈൻ, ഫീച്ചറുകൾ, സാങ്കേതികവിദ്യ എന്നിവയുടെ ഒരു പ്രദർശനകേന്ദ്രം കൂടിയാണിത്. കോണേ ഇന്ത്യയുടെ സെയിൽസ്, ഇൻസ്റ്റാളേഷൻ, സർവീസ് ടീമുകൾ, പ്രാദേശികമായി, തിരുവനന്തപുരത്തും പരിസരപ്രദേശങ്ങളിലുമുള്ള ഉപഭോക്താക്കൾക്ക് സർവീസ് നൽകും. ഉപഭോക്താക്കൾക്കായി നൂതനവും സുസ്ഥിരവുമായ പരിഹാരങ്ങൾ എത്തിക്കുന്നതിൽ ശ്രദ്ധകേന്ദ്രീകരിക്കുന്നത് തുടരുമെന്ന് കോണേ ഇന്ത്യ ആൻഡ് സൗത്ത് ഏഷ്യാ മാനേജിംഗ് ഡയറക്ടർ അമിത് ഗോസൈൻ പറഞ്ഞു.

ബി.ഡി.എസ്. പരീക്ഷയിൽ ഉന്നതവിജയം

വൈക്കം: കേരള സർവകലാശാലയിൽ ബി.ഡി.എസ്. പരീക്ഷയിൽ ഉന്നതവിജയം കരസ്ഥമാക്കിയ കെ.എസ്.മംഗലം സ്വദേശി ഡോ. പി. രാഖി കുമാറിനെ ആദരിച്ചു. കോൺഗ്രസ് വാർഡ് കമ്മിറ്റിയുടെ നേതൃത്വത്തിലാണ് ആദരിക്കൽ ചടങ്ങ് സംഘടിപ്പിച്ചത്.

ടിഷ്യു കൾച്ചർ പ്രായോഗിക പരിശീലന പരിപാടി

പനങ്ങാട്: കേരള ഫിഷറീസ് സമുദ്രപഠന സർവകലാശാല (കുഫോസ്) അക്വാകൾച്ചർ ഡിപ്പാർട്ട്മെന്റ് അക്വേറിയം പ്ലാൻ ടിഷ്യുകൾച്ചർ ലബോറട്ടറിയിൽ പ്ലാൻ ടിഷ്യുകൾച്ചർ ടെക്നിക്കുകളെക്കുറിച്ച് പ്രായോഗിക പരിശീലനപരിപാടി 25 മുതൽ 29 വരെ നടക്കും.

ടിഷ്യുകൾച്ചർ ലബോറട്ടറി സുരക്ഷ, ടിഷ്യുകൾച്ചർ മീഡിയ, അണുവിമുക്തമാക്കാൻ, റൂട്ടിങ് ആന്റ് ഹാർഡനിങ് എന്നിവയിൽ പരിശീലനം നൽകും. അവസാന തീയതി: 15. അപേക്ഷാഫീസ് 22-ന് മുമ്പ് അടയ്ക്കണം. ഫോൺ: 8594051356

വൈക്കം കലാശക്തി ആർട്ട് ഫെസ്റ്റിവലിന് തുടക്കമായി

വൈക്കം കലാശക്തി സ്കൂൾ ഓഫ് ആർട്ട്സിൽ ആരംഭിച്ച ആർട്ട് ഫെസ്റ്റിവൽസംസ്കൃത പണ്ഡിതൻ പ്രൊഫ. കൃഷ്ണൻ നമ്പൂതിരിയും (ഇണ്ടൻതുരുത്തിമന), വൈക്കം കഥകളി സംഘം പ്രസിഡന്റ് വി.പി. നാരായണൻ നമ്പൂതിരിയും ചേർന്ന് ഭദ്രദീപം കൊളുത്തി ഫെസ്റ്റിവൽ ഉദ്ഘാടനം ചെയ്യുന്നു.

വൈക്കം: ക്ഷേത്ര കലകളെ പരിപോഷിപ്പിക്കുന്നതിനും ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള ശാസ്ത്രീയ കലകളെ പുതു തലമുറയ്ക്ക് പരിചയപ്പെടുത്തുന്നതിനുമായി വൈക്കം കലാശക്തി സ്കൂൾ ഓഫ് ആർട്ട്സിൽ ഒരുക്കുന്ന ആർട്ട് ഫെസ്റ്റിവലിന് തുടക്കമായി. സംസ്കൃത പണ്ഡിതൻ പ്രൊഫ. കൃഷ്ണൻ നമ്പൂതിരിയും (ഇണ്ടൻതുരുത്തിമന), വൈക്കം കഥകളി സംഘം പ്രസിഡന്റ് വി.പി. നാരായണൻ നമ്പൂതിരിയും ചേർന്ന് ഭദ്രദീപം കൊളുത്തി ഫെസ്റ്റിവൽ ഉദ്ഘാടനം ചെയ്തു. കലാശക്തി സ്കൂൾ ഓഫ് ആർട്സ് ഡയറക്ടർ പള്ളിപ്പുറം സുനിൽ സ്വാഗതവും രാജേഷ് അബു കൃതജ്ഞതയും പറഞ്ഞു.

ഒറീസയിലെ ചൗഡാൻസ് (മയൂർ ഭഞ്ച്), ഒഡീസി, കഥക്, കുച്ചിപ്പുടി, വിലാസിനി നൃത്തം, മിഴാവ്, തായമ്പക, ഫ്ളെമങ്കോ, കണ്ടംപററി ഡാൻസ്, കഥകളി, കച്ചേരി, ഡെമോൺസ്ട്രേഷൻ കഥകളി തുടങ്ങി പ്രശസ്തരായ കലാകാരന്മാർ നടത്തുന്ന കലകളാണ് പരിചയപ്പെടുത്തുന്നത്. കൂടാതെ വിദ്യാർത്ഥികൾക്കും പ്രൊഫഷണൽ കലാകാരന്മാർക്കും അവസരം ഒരുക്കുക എന്ന ലക്ഷ്യവും ഇതിന്റെ പിന്നിലുണ്ട്.

നിലവിൽ 50-ഓളം വിദ്യാർത്ഥികളാണ് ഇവിടെ സജീവമായിട്ടുള്ളത്. ഇതിൽ 20-ഓളം പേർ പെർഫോമിംഗിലുള്ളവരാണ്. ഡാൻസ്, കഥകളി, വയലിൻ, കർണാട്ടിക് മ്യൂസിക്, ഇടയ്ക്ക തുടങ്ങിയവയ്ക്കായി 50-ഓളം പേരും ഇവിടെ പരിശീലനം നടത്തി വരികയാണ്. പ്രേക്ഷകർക്ക് പുതുമയാർന്ന അവതരണത്തിലൂടെ നവ്യാനുഭവമാണുണ്ടാകുന്നതെന്ന് ഡയറക്ടർ പള്ളിപ്പുറം സുനിൽ പറഞ്ഞു. സ്ക്രീനിംഗിലൂടെ സുഭദ്രാഹരണം കഥകളിയും പ്രേക്ഷകർക്കായി കലാശക്തി മണ്ഡപത്തിൽ അവതരിപ്പിച്ചു വരുന്നു.

2013-ൽ തുടങ്ങിയ സ്ഥാപനം പത്തു വർഷം പിന്നിട്ടപ്പോൾ നിരവധി കലാകാരന്മാർക്ക് അരങ്ങേറ്റം കുറിക്കാൻ സാധിച്ചു. കഥകളി, മോഹിനിയാട്ടം, തെയ്യം, മുടിയേറ്റ്, കേരളകലകൾ തുടങ്ങിയവയിൽ 40-ഓളം കുട്ടികൾ ശിഷ്യന്മാരായിട്ടുണ്ട്. പത്തിലധികം പേർ പ്രൊഫഷണൽ രംഗത്തുമുണ്ട്. എല്ലാ മാസത്തിലും പ്രോഗ്രാമുകൾ നടത്തി വരുന്ന കലാശക്തി പ്രൊഫഷണൽ ആയിട്ടുള്ള കലാകാരന്മാർക്ക് അവസരങ്ങൾ കൊടുക്കാനുള്ള വേദികളും ഒരുക്കുന്നുണ്ട്.

കലാശക്തി സ്കൂൾ ഓഫ് ആർട്ട്സിലെ അദ്ധ്യാപകരും വിദ്യാർത്ഥികളും

വിദേശീയർക്ക് കലകളെ പരിചയപ്പെടുത്തുന്നതിനുള്ള അവസരവും കലാശക്തി ഒരുക്കുന്നു. ഇവിടെ താമസിച്ചു പരിശീലനം നേടാനെത്തുന്നവരും ഇക്കൂട്ടത്തിലുണ്ട്. കഴിഞ്ഞ ദിവസം കാനഡയിൽ നിന്നും നാലുപേർ വന്നിരുന്നു. കൂടാതെ അമേരിക്ക, ഫ്രാൻസ്, ഇംഗ്ലണ്ട് തുടങ്ങിയ സ്ഥലങ്ങളിൽ നിന്നും ടൂറിസ്റ്റുകൾ ഇവിടെ എത്താറുണ്ട്.

വിദ്യാർത്ഥികളെ മാനസിക ഉല്ലാസത്തിനായി ഗുരുവായൂർ, മൂകാംബിക, ചിദംബരം തുടങ്ങിയ സ്ഥലങ്ങളിൽ പെർഫോം ചെയ്യിക്കാനായി ആത്മീയ തീർത്ഥ യാത്രയും കലാശക്തി നടത്തി വരുന്നുണ്ട്.

കെ.പി.എം.എസ്. പനങ്ങാട് ശാഖ ഉദ്ഘാടനം ഡിസം. 8-ന്

കൊച്ചി: പനങ്ങാട് കെ.പി.എം.എസ്. 763-ാം നമ്പർ ശാഖയുടെ ഉദ്ഘാടനം ഡിസംബർ 8-ന് പനങ്ങാട് വി.എച്ച്.എസ്.എസി.ഹാളിൽ ഉച്ചയ്ക്ക് 2 മണിക്ക് സംസ്ഥാന പ്രസിഡന്റ് പി.എ. അജയഘോഷ് നിർവഹിക്കുമെന്ന് ശാഖാ സെക്രട്ടറി കെ.ബി. വിജയൻ കണ്ണന്തറ അറിയിച്ചു.

ശാഖാ പ്രസിഡന്റ് രാജേഷ് കെ. സുബ്രഹ്മണ്യൻ കൊമരോത്തിന്റെ അദ്ധ്യക്ഷതയിൽ ചേരുന്ന സമ്മേളനത്തിൽ സംസ്ഥാന അസിസ്റ്റന്റ് സെക്രട്ടറി പി.വി. ബാബു മുഖ്യപ്രഭാഷണം നടത്തും. വാർഡ് മെമ്പർ ഷീല ബോധാനന്ദൻ, റവ. ഫാ. വില്യം നെല്ലിക്കൽ (പനങ്ങാട് സെന്റ് ആന്റണീസ് ചർച്ച്), ജുമാ മസ്ജിദ് ഖത്തീബ് താജുദ്ദീൻ തങ്ങൾ അടിമാലി,സന്മാർഗ്ഗദർശിനി സഭ പ്രസിഡന്റ് പി.കെ. വേണു പുൽപ്പറ, വ്യാസപുരം ശ്രീവർദ്ധിനി സഭ പ്രസിഡന്റ് പ്രസേനൻ, ഐക്യ കേരള വേലൻ മഹാസഭാ പ്രസിഡന്റ് എം.എൻ. ചന്ദ്രൻ, ഷൺമുഖ സംവർദ്ധിനി സഭ സെക്രട്ടറി പി.കെ. തമ്പി, ചേപ്പനം വംശോധാരിണി പുലയർ മഹാസഭ പ്രസിഡന്റ് കെ.എം. ഉദയകുമാർ, കൊച്ചിൻ സമന്വയ പുലയ മഹാസഭ സെക്രട്ടറി വിപിൻ ദാസ്, ഫെഡറേഷൻ ഓഫ് എസ്.സി/എസ്.ടി. കേരള എംപ്ലോയീസ് യൂണിയൻ ജനറൽ സെക്രട്ടറി പി.കെ. സന്തോഷ്കുമാർ, ഡി.എസ്.എസ്. ജില്ലാ പ്രസിഡന്റ് ഉണ്ണികൃഷ്ണൻ, ഡി.എസ്.എം. കുമ്പളം പഞ്ചായത്ത് കമ്മിറ്റി സെക്രട്ടറി പി.വി. പ്രസാദ്, പഞ്ചമി സ്വയം സഹായ സംഘം സംസ്ഥാന കമ്മിറ്റിയംഗം രമാ പ്രതാപൻ, മീഡിയ സംസ്ഥാന വൈസ് ചെയർമാൻ മിഥുൻ മാവേലിത്തറ, കെ.പി.എം.എസ്. എറണാകുളം യൂണിയൻ പ്രസിഡന്റ് പി.വി. പ്രകാശൻ, സെക്രട്ടറി എം.കെ. രാജേഷ്, ഖജാൻജി പി.കെ. അശോക് കുമാർ, കോ-ഓർഡിനേറ്റർ എം.എ. രാജീവ്, ചേപ്പനം കെ.പി.എം.എസ്. പ്രസിഡന്റ് ടി.കെ. പരമേശ്വരൻ, നെട്ടൂർ സെക്രട്ടറി ടി.കെ. പ്രതാപൻ, പി.ആർ. രാജേഷ് തുടങ്ങിയവർ പ്രസംഗിക്കും.

ദേശീയ തലത്തിൽ ശ്രദ്ധയാകർഷിച്ച മലയാളിയായ അഞ്ചാം ക്ലാസുകാരൻ ഇഷാൻ

വൈക്കം: ദേശീയ തലത്തിൽ കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം, കേന്ദ്ര പ്രതിരോധ മന്ത്രാലയം എന്നിവ സംയുക്തമായി നടത്തിയ സൈനിക മേധാവികളുടെ ദേശീയതല ചർച്ചയിൽ ദേശീയോദ്ഗ്രഥനം എന്ന വിഷയത്തിൽ മലയാളിയായ അഞ്ചാം ക്ലാസ് വിദ്യാർത്ഥി ഇഷാൻ മേച്ചേരി പാനൽ മെമ്പറായി ശ്രദ്ധയാകർഷിച്ചത് നാടിന് അഭിമാനമായി.

ഇഷാൻ മേച്ചേരി

കേന്ദ്ര വിദ്യാഭ്യാസ മന്ത്രാലയം തെരഞ്ഞെടുത്ത 25 വിദ്യാർത്ഥികളിൽ ഏറ്റവും പ്രായം കുറഞ്ഞതും കേരളത്തിൽ നിന്നുള്ള ഏക മലയാളിയുമാണ്. കോട്ടയം ജില്ലയിലെ വൈക്കം താലൂക്കിലുള്ള ബ്രഹ്മമംഗലം മേച്ചേരി വീട്ടിൽ റെജി ജോണിന്റെയും ധന്യ പി. വാസുവിന്റെയും ഏക മകനായ ഇഷാൻ ബ്രഹ്മമംഗലം എച്ച്.എസ്.എസ്. ആന്റ് വി.എച്ച്.എസ്.എസ്. സ്കൂളിലെ അഞ്ചാം ക്ലാസ് വിദ്യാർത്ഥിയാണ്.

സ്കൂൾ തലത്തിൽ സൈനികനെക്കുറിച്ചുള്ള കുറിപ്പ്, കരസേനാ മേധാവിയോടുള്ള ചോദ്യം, ഒരു ചിത്രം എന്നിവ സഹിതം ഓൺ ലൈനായി ഇഷാൻ അപേക്ഷിച്ചിരുന്നു. ഇതിൽ നിന്നാണ് ഇഷാനെ തെരഞ്ഞെടുത്തത്. കരസേനാ മേധാവിയോടുള്ള ഇഷാന്റെ ചോദ്യമിതായിരുന്നു: 'സർ, ഈ പ്രായത്തിൽ ഞാൻ കുടുംബത്തോടൊപ്പം നിൽക്കാനാണ് ഏറെ ഇഷ്ടപ്പെടുന്നത്. നിങ്ങൾ എങ്ങനെയാണ് കുടുംബത്തോടൊപ്പമുള്ള നല്ല നിമിഷങ്ങൾ മറന്ന് ഇത്രയും കഠിനമായ സാഹചര്യങ്ങളിലും ജീവിക്കുന്നത്?' അഞ്ചാം ക്ലാസുകാരന്റെ ഈ ചോദ്യമാണ് സൈനിക മേധാവികളുടെ ദേശീയതല ചർച്ചയിൽ ശ്രദ്ധിക്കപ്പട്ടതും അങ്ങനെ ഇഷാൻ പാനൽ മെമ്പറായി കേരളത്തിന്റെ അഭിമാനമായതും. കേരളത്തിൽ നിന്നും ഒരു വിദ്യാർത്ഥിക്ക് മാത്രമാണ് ഈ അവസരം ലഭിച്ചത്.

സാമൂഹിക സേവന മേഖലയിൽ നടത്തിയ വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്ക് കേന്ദ്ര സർക്കാരിന്റെ ദേശീയ പുരസ്കാര ജേതാവാണ് ഇഷാന്റെ മാതാവ് ധന്യ പി. വാസു.ഇപ്പോൾ സമഗ്ര ശിക്ഷ കോട്ടയം ജില്ലാ പ്രോഗ്രാം ഓഫീസറാണ് ധന്യ. പിതാവ് റെജി മേച്ചേരി ചെമ്പ് ഗ്രാമ പഞ്ചായത്ത് വാർഡ് മെമ്പറാണ്.

അരവിന്ദൻ കെ. എസ് മംഗലത്തിന് പുരസ്കാരം

അരവിന്ദൻ
കെ.എസ്. മംഗലം

ഡൽഹി-വൈക്കം സംഗമം പി.ഭാസ്കരന്റെ ജന്മശതാബ്ദി വർഷത്തിൽ മലയാളി അസോസിയേഷൻ പ്രഖ്യാപിച്ച പി. ഭാസ്കരൻ ജന്മശതാബ്ദി പുരസ്കാരം, കവി അരവിന്ദൻ കെ.എസ്. മംഗലത്തിന് നൽകുവാൻ പുരസ്കാര സമിതി തീരുമാനിച്ചു. അദ്ദേഹത്തിന്റെ 'കവർ' എന്ന കവിതാസമാഹാരമാണ് അവാർഡിനർഹമായ കൃതി. 25,000 രൂപയും ശില്പവും പ്രശസ്തി പത്രവുമടങ്ങുന്ന അവാർഡ് 2024 നവംബർ 23-ന് ഡൽഹി മയൂർ വിഹാറിലുള്ള ഉത്തര ഗുരുവായൂരപ്പൻ ടെമ്പിളിലെ കാർത്ത്യായനി ഓഡിറ്റോറിയത്തിൽ നടക്കുന്ന ചടങ്ങിൽ പ്രശസ്ത കവിയും ഗാനരചയിതാവുമായ ശ്രീകുമാരൻ തമ്പി സമ്മാനിക്കും. ഡൽഹി-വൈക്കം സംഗമം മലയാളി അസോസിയേഷൻ പ്രസിഡന്റ് അജിത്ത് മഴുവഞ്ചേരിൽ, സെക്രട്ടറി ഷെർലി രാജൻ എന്നിവർ അറിയിച്ചു.

ശീമാട്ടി യെങ്ങിന്റെ പുതിയ ഷോറൂം കോട്ടയം പാലായിൽ

പാലാ: പ്രമുഖ വസ്ത്രവ്യാപാര സ്ഥാപനമായ ശീമാട്ടിയുടെ യുവതീയുവാക്കൾക്കായുള്ള ബ്രാൻഡ് 'ശീമാട്ടി യങ്ങി'ന്റെ അഞ്ചാമത്തെ ഷോറൂം കോട്ടയം പാലായിൽ പ്രവർത്തനം ആരംഭിച്ചു. വുമൺസ് വിയർ, മെൻസ് വിയർ, കിഡ്സ് വിയർ എന്നീ വിഭാഗങ്ങളും വൈറ്റ് വെഡിങ് ഗൗണുകളുടെ എക്സ്ക്ലൂസീവ് കളക്ഷനായ 'ദി സെലസ്റ്റും' ഉൾപ്പെടെ മൂന്നു നിലകളിലായാണ് പാലായിൽ യങ്ങ് ഒരുങ്ങിയിട്ടുള്ളത്.

ശീമാട്ടിയുടെ യുവതീയുവാക്കൾക്കായുള്ള ബ്രാൻഡ് 'ശീമാട്ടി യങ്ങി'ന്റെ അഞ്ചാമത്തെ ഷോറൂം കോട്ടയം പാലായിൽ എം.എൽ.എ. മാണി സി. കാപ്പന്റെയും പാലാ നഗരസഭാ ചെയർമാൻ ഷാജു വി. തുരുത്തന്റെയും സാന്നിദ്ധ്യത്തിൽ ശീമാട്ടി സി.ഇ.ഒ. ബീനാ കണ്ണൻ 'യങ്ങ്' ഉദ്ഘാടനം നിർവഹിക്കുന്നു

പാലാ എം.എൽ.എ. മാണി സി. കാപ്പന്റെയും പാലാ നഗരസഭാ ചെയർമാൻ ഷാജു വി. തുരുത്തന്റെയും സാന്നിദ്ധ്യത്തിൽ ശീമാട്ടി സി.ഇ.ഒ. ബീനാ കണ്ണൻ 'യങ്ങ്' ഉദ്ഘാടനം നിർവഹിച്ചു. വൈറ്റ് വെഡിങ് ഗൗണുകളുടെ എക്സ്ക്ലൂസീവ് കളക്ഷനായ 'ദി സെലസ്റ്റി'ന്റെ ഉദ്ഘാടനം എം.എൽ.എ മാണി സി. കാപ്പൻ നിർവഹിച്ചു. സ്ത്രീകളുടെ മാത്രം കാഷ്വൽ വസ്ത്രങ്ങളുടെ ഷോറൂമായിരുന്ന ശീമാട്ടി യങ്ങിനെ കിഡ്സ്, മെൻസ് ആന്റ് വുമൺസ് വിയർ ഫോർമാറ്റിലേക്ക് മാറ്റിക്കൊണ്ടാണ് ശീമാട്ടി യങ്ങിന്റെ പുതിയ സ്റ്റോറുകളുടെ വരവ്. സ്ത്രീകളുടെയും പുരുഷന്മാരുടെയും കുട്ടികളുടെയും ഫാഷനബിളും ട്രെൻഡിംഗുമായ ഏറ്റവും പുതിയ കളക്ഷനുകളും വൈറ്റ് വിവാഹഗൗണുകളുടെ ഏറ്റവും വലിയ ശേഖരവും ഉൾപ്പെടുത്തിക്കൊണ്ട് 12,000 സ്ക്വയർഫീറ്റിലാണ് സ്റ്റോർ തയ്യാറാക്കിയിട്ടുള്ളത്.

അക്ഷരനഗരിയിൽ ഖവാലി സൂഫി സംഗീതമൊരുക്കാൻ രാംപൂർ വാർസി സഹോദരന്മാർ

കോട്ടയം: അക്ഷരനഗരിയിൽ ഖവാലി സൂഫി സംഗീതമൊരുക്കാൻ രാംപൂർ വാർസി സഹോദരന്മാർ. പ്രശസ്ത വാർസി സഹോദരങ്ങളായ മുഹമ്മദ് ഖാൻ വാർസിയും, മുഹമ്മദ് അഹമ്മദ് ഖാൻ വാർസിയും നയിക്കുന്ന സംഗീതസദസ്സ് രാവിലെ 11.00 മണിക്ക് കോട്ടയം പള്ളിക്കൂടം സ്കൂളിലും, ഉച്ചകഴിഞ്ഞ് 4.00 മണിക്ക് കാഞ്ഞിരമറ്റം കെ.ആർ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വിഷ്വൽ സയൻസ് ആൻഡ് ആർട്ട് കോളേജിലും നടന്നു. സൂഫി കാവ്യാലാപനത്തിൽ പ്രഗത്ഭരായ വാരിസ് നവാസ്, അർഷദ്, ഇഖ്‌ലാസ് ഹുസൈൻ, മുഹമ്മദ് നാഖ്‌വി, മുഹമ്മദ് ഫൈസ്, രഹത് ഹുസൈൻ എന്നിവരും വേദിയിൽ അണിനിരന്നു.

വിദ്യാർത്ഥികൾക്കിടയിൽ ഭാരതീയ കലാരൂപങ്ങളെ പ്രോത്സാഹിപ്പിക്കുന്ന സംഘടനയായ സ്പിക് മാക്കെയുടെ (സൊസൈറ്റി ഫോർ ദി പ്രമോഷൻ ഓഫ് ഇന്ത്യൻ ക്ലാസിക്കൽ മ്യൂസിക് ആൻഡ് കൾച്ചർ എമംഗ് യൂത്ത്) കേരള ചാപ്റ്ററാണ് പരിപാടി സംഘടിപ്പിച്ചത്. തിരുവനന്തപുരം മുതൽ കൊച്ചി വരെയുള്ള ക്യാമ്പസുകളിൽ പരിപാടി അവതരിപ്പിച്ചു.

കേരളത്തിലെ വിദ്യാർത്ഥികൾക്ക് ഖവാലി സംഗീതത്തെ പരിചയപ്പെടുത്താനും, അത് മനസ്സിലാക്കി ആസ്വദിക്കാനുള്ള ഒരു വേദിയാണ് ഒരുക്കിയതെന്നു സ്പിക് മാക്കെ സംസ്ഥാന കോർഡിനേറ്റർ വേലായുധകുറുപ്പ് പറഞ്ഞു.

സൂഫികളുടെ സവിശേഷസംഗീതമാണ് ഖവാലി. ദൈവമഹത്വം, പ്രവാചകപ്രകീർത്തനം, ഗുരുമഹാത്മ്യം എന്നിവയുടെ പ്രാധാന്യം സംഗീതസ്വരങ്ങളിലൂടെ പകർന്നുനൽകുന്ന ഖവാലി, കേൾവിക്കാരെ ആത്മീയമായ ദൈവികതയുടെ ലോകത്തിലേക്ക് നയിക്കുന്നു. 800 വർഷം പഴക്കമുള്ള ഈ കലാരൂപം, ആത്മീയസ്നേഹത്തിന്റെ ആഴവും ദൈവികതയുടെ അനുഭവവും നൽകുന്നു. ഉർദു, ഹിന്ദി, പേർഷ്യൻ, അറബിക്, ബ്രജ്, സിന്ധി, പഞ്ചാബി തുടങ്ങിയ ഭാഷകളിലാണ് ഖവാലി അവതരിക്കപ്പെടുന്നത്.

ഫെഡറൽ ബാങ്കിന് റെക്കോഡ് ലാഭം സാമ്പത്തിക വർഷത്തെ രണ്ടാം പാദത്തിൽ 1057 കോടി രൂപ അറ്റാദായം

കൊച്ചി: 2024 സെപ്റ്റംബർ 30-ന് അവസാനിച്ച സാമ്പത്തിക വർഷത്തെ രണ്ടാംപാദത്തിൽ 10.79 ശതമാനം വർദ്ധനവോടെ ഫെഡറൽ ബാങ്ക് 1056.69 കോടി രൂപ അറ്റാദായം രേഖപ്പെടുത്തി. മുൻവർഷം ഇതേ പാദത്തിൽ 953.82 കോടി രൂപയായിരുന്നു അറ്റാദായം. ചരിത്രത്തിലെ ഏറ്റവുമുയർന്ന പാദവാർഷിക അറ്റാദായമാണ് ഇതോടെ ഫെഡറൽ ബാങ്ക് രേഖപ്പെടുത്തിയിരിക്കുന്നത്. അടുത്തടുത്ത പാദങ്ങളിലായി ആയിരം കോടി രൂപയിലധികം അറ്റാദായം നേടുക എന്ന നാഴികക്കല്ലും ഇതോടെ ഫെഡറൽ ബാങ്ക് കടന്നു.

''വിവിധ മേഖലകളിൽ കൈവരിച്ച മികച്ച വളർച്ച ബാങ്കിന്റെ രണ്ടാംപാദത്തെ മികവുറ്റതാക്കി. അടുത്തടുത്ത പാദങ്ങളിൽ ആയിരം കോടി രൂപയ്ക്കു മുകളിൽ അറ്റാദായം നേടാൻ കഴിഞ്ഞതിൽ ഈ മികവ് പ്രതിഫലിക്കുന്നുണ്ട്.'' ബാങ്കിന്റെ എം.ഡിയും സി.ഇ.ഓ.യുമായ കെ.വി.എസ്. മണിയൻ പ്രസ്താവിച്ചു. "ഞങ്ങളുടെ ദീർഘകാല നിക്ഷേപങ്ങൾക്ക് ക്രിസിൽ എഎഎ റേറ്റിംഗ് ലഭിച്ചത് ശ്രദ്ധേയമാണ്. എല്ലാ മേഖലകളിലും നേടാൻ സാധിച്ച വളർച്ച ശക്തവും ഉൾക്കൊള്ളുന്നതുമാണ്. കൂടാതെ ആസ്തിഗുണമേന്മയും മെച്ചപ്പെട്ടു. ഈ വളർച്ചയും നേട്ടവും തുടർന്നു കൊണ്ടുപോവാൻ ഞങ്ങൾ പ്രതിജ്ഞാബദ്ധരാണ്", അദ്ദേഹം കൂട്ടിച്ചേർത്തു.

പ്രവർത്തനലാഭത്തിലും ബാങ്കിന് മികച്ചനേട്ടം കൈവരിക്കാൻ സാധിച്ചു. 18.19 ശതമാനം വർധനവോടെ പ്രവർത്തനലാഭം 1565.36 കോടി രൂപയിലെത്തി. മുൻവർഷം ഇതേ കാലയളവിൽ 1324.45 കോടി രൂപയായിരുന്നു പ്രവർത്തനലാഭം.

ബാങ്കിന്റെ മൊത്തം ബിസിനസ് 17.32 ശതമാനം വർധിച്ച് 499418.83 കോടി രൂപയിലെത്തി. മുൻവർഷം ഇതേ പാദത്തിൽ 232868.43 കോടി രൂപയായിരുന്ന നിക്ഷേപം 269106.59 കോടി രൂപയായി വർധിച്ചു.

വായ്പാവിതരണത്തിലും ബാങ്കിന് മികച്ച വളർച്ച കൈവരിക്കാൻ സാധിച്ചു. ആകെ വായ്പ മുൻവർഷത്തെ 192816.69 കോടി രൂപയിൽ നിന്ന് 230312.24 കോടി രൂപയായി വർധിച്ചു. റീട്ടെയ്ൽ വായ്പകൾ 17.24 ശതമാനം വർധിച്ച് 72701.75 കോടി രൂപയായി. കാർഷിക വായ്പകൾ 29.40 ശതമാനം വർധിച്ച് 32487 കോടി രൂപയിലും വാണിജ്യ ബാങ്കിങ് വായ്പകൾ 24.34 ശതമാനം വർധിച്ച് 24493.35 കോടി രൂപയിലും കോർപറേറ്റ് വായ്പകൾ 10.48 ശതമാനം വർധിച്ച് 77953.84 കോടി രൂപയിലുമെത്തി. ബിസിനസ് ബാങ്കിംഗ് വായ്പകൾ 19.26 ശതമാനം വർദ്ധിച്ച് 19121.18 കോടി രൂപയായി.

അറ്റപലിശ വരുമാനം 15.11 ശതമാനം വർധനയോടെ 2367.23 കോടി രൂപയിലെത്തി. കഴിഞ്ഞ സാമ്പത്തികവർഷം ഇത് 2056.42 കോടി രൂപയായിരുന്നു.

4884.49 കോടി രൂപയാണ് ബാങ്കിന്റെ മൊത്ത നിഷ്ക്രിയ ആസ്തി. മൊത്തം വായ്പകളുടെ 2.09 ശതമാനമാണിത്. അറ്റ നിഷ്ക്രിയ ആസ്തി 1322.29 കോടി രൂപയാണ്. മൊത്തം വായ്പകളുടെ 0.57 ശതമാനമാണിത്. 71.82 ആണ് നീക്കിയിരുപ്പ് അനുപാതം. ഈ പാദത്തോടെ ബാങ്കിന്റെ അറ്റമൂല്യം 31108.20 കോടി രൂപയായി വർധിച്ചു. 15.20 ശതമാനമാണ് മൂലധന പര്യാപ്തതാ അനുപാതം. ബാങ്കിന് നിലവിൽ 1533 ബാങ്കിംഗ് ഔട്ട് ലെറ്റുകളും 2052 എ.ടി.എം/ സി.ടി.എമ്മുകളുമുണ്ട്.

തോമസ് വർഗീസ് കൊച്ചി ബിനാലെ ഫൗണ്ടേഷൻ സി.ഇ.ഒ.

തോമസ് വർഗീസ്

കൊച്ചി: കൊച്ചി-മുസിരിസ് ബിനാലെ നടത്തിപ്പിനു വിദഗ്ധരെ ഉൾപ്പെടുത്തി നടപ്പാക്കിയ പുനസംഘടനാ പ്രക്രിയ പൂർത്തീകരിച്ചതായി കൊച്ചി ബിനാലെ ഫൗണ്ടേഷൻ ട്രസ്റ്റി ബോർഡ് അറിയിച്ചു. സി.ഇ.ഒ ആയി തോമസ് വർഗീസിനെ നിയമിച്ചു. നേരത്തെ ബാങ്കോക്കിലെ യുണൈറ്റഡ് നേഷൻസ് എക്കണോമിക് ആൻഡ് സോഷ്യൽ കമ്മീഷനുമായി ചേർന്ന് സുസ്ഥിര നഗര വികസനം, പ്രോജക്റ്റ് മാനേജ്മെന്റ് എന്നീ മേഖലകളിൽ പ്രവർത്തിച്ചിട്ടുണ്ട് തോമസ് വർഗീസ്. അക്കാദമിക് റിസർച്ച്, ഇന്റർനാഷണൽ ഡെവലപ്മെന്റ്, ബിസിനസ് മാനേജ്മെന്റ് എന്നീ മേഖലകളിൽ അനുഭവപരിചയമുള്ള മാനേജ്മെന്റ് പ്രൊഫഷണലാണ്. ഡൽഹിയിലെ സെന്റ് സ്റ്റീഫൻസ് കോളേജിൽ നിന്നും യു.എസിലെ ഹാർവാർഡ് യൂണിവേഴ്സിറ്റിയിൽ നിന്നും ബിരുദം നേടിയിട്ടുണ്ട്. ഓഡിറ്ററായി നിയമിച്ചു. ട്രസ്റ്റുകളുടെ അഡ്മിനിസ്ട്രേറ്റീവ് കംപ്ലയൻസ് ഉൾപ്പെടെ അഞ്ച് ദശാബ്ദക്കാലത്തെ പ്രൊഫഷണൽ അനുഭവസമ്പത്തുണ്ട് ഓഡിറ്റ് സ്ഥാപനത്തിന്റെ മാനേജിംഗ് പാർട്ണർ കെ.എം. ജോസിന്.

ഘടനാപരമായ പ്രധാന മാറ്റങ്ങളും പ്രൊഫഷണലുകളുടെ നിയമനവും അന്തർദ്ദേശീയ സമകാലികരുടേതിന് തുല്യമായ ഉയർന്ന നിലവാരം നിലനിർത്താൻ പ്രാപ്തരാക്കുമെന്ന് കൊച്ചി ബിനാലെ ഫൗണ്ടേഷൻ ചെയർപേഴ്സൺ ഡോ. വി. വേണു പറഞ്ഞു. പൂർത്തിയായ പുനഃസംഘടനാ പ്രക്രിയ ഞങ്ങളുടെ മുന്നോട്ടുള്ള യാത്രയിൽ ആവേശകരമായ ഒരു പുതിയ അധ്യായം രചിക്കുമെന്ന് കൊച്ചി-മുസിരിസ് ബിനാലെ പ്രസിഡന്റ് ബോസ് കൃഷ്ണമാചാരി അഭിപ്രായപ്പെട്ടു.

അമൃതയുടെ ടെലി മെഡിസിൻ പദ്ധതി കൂടുതൽ സംസ്ഥാനങ്ങളിലേക്ക്

കൊച്ചി: അമൃത ആശുപത്രിയുടെ ടെലിമെഡിസിൻ സേവനങ്ങൾ കൂടുതൽ രോഗികളിലേക്കെത്തിക്കാനുള്ള പദ്ധതി മെഡിക്കൽ ഡയറക്ടർ ഡോ. പ്രേം നായർ ഉദ്ഘാടനം ചെയ്തു. ഐ.സി.എം.ആർ. സഹകരണത്തോടെ കേരളത്തിലും ആസാമിലും നൽകുന്ന 'ടെലി-സ്ട്രോക്' സേവനം നാഗാലാൻഡിലും അരുണാചൽപ്രദേശിലും ലഭിക്കും. അപസ്മാരരോഗികളുടെ നിരീക്ഷണത്തിനും പരിപാലനത്തിനുമായുള്ള 'ടെലി-എപിലെപ്സി' പദ്ധതി രാജ്യത്തെ വിദൂരപ്രദേശങ്ങളിലുള്ള അപസ്മാര രോഗികൾക്കും പ്രയോജനപ്പെടും.

വി-ഗാർഡ് വരുമാനത്തിൽ 14.1 ശതമാനം വർധനവ് അറ്റാദായത്തിൽ 7.5 ശതമാനം വളർച്ച

കൊച്ചി: മുൻനിര ഇലക്ട്രിക്കൽ, ഇലക്ട്രോണിക്സ് ഗൃഹോപകരണ നിർമാതാക്കളായ വി-ഗാർഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ് 2024-25 സാമ്പത്തികവർഷം, സെപ്തംബർ 30-ന് അവസാനിച്ച രണ്ടാംപാദത്തിൽ 1293.99 കോടി രൂപയുടെ സംയോജിത അറ്റ വരുമാനം നേടി. മുൻവർഷത്തെ വരുമാനത്തേക്കാൾ (1133.75 കോടി രൂപ) 14.1% വളർച്ചയാണ് രേഖപ്പെടുത്തിയത്. കമ്പനിയുടെ സംയോജിത അറ്റാദായം മുൻവർഷത്തേക്കാൾ 7.5 ശതമാനം വളർച്ചയോടെ 63.39 കോടി രൂപയായി. മുൻവർഷമിത് 58.95 കോടി രൂപയായിരുന്നു.

സെപ്തംബർ 30-ന് അവസാനിച്ച കമ്പനിയുടെ 6 മാസ കാലയളവിലെ സംയോജിത അറ്റവരുമാനം മുൻവർഷത്തേക്കാൾ 18 ശതമാനം വളർച്ചയോടെ 2348.51 കോടി രൂപയിൽനിന്ന് 2771.09 കോടി രൂപയായി. ഇതേ കാലയളവിലെ സംയോജിത അറ്റാദായം മുൻവർഷത്തേക്കാൾ 31.8 ശതമാനം വളർച്ച നേടി 123.17 കോടി രൂപയിൽനിന്ന് 162.36 കോടി രൂപയായി.

ഈ ത്രൈമാസത്തിൽ ഇലക്ട്രോണിക് വിഭാഗത്തിൽ മികച്ച മുന്നേറ്റം കൈവരിക്കാൻ വി-ഗാർഡിന് സാധിച്ചുവെന്ന് വി-ഗാർഡ് ഇൻഡസ്ട്രീസ് ലിമിറ്റഡ് മാനേജിംഗ് ഡയറക്ടർ മിഥുൻ കെ. ചിറ്റിലപ്പിള്ളി പറഞ്ഞു. ഇൻ ഹൗസ് മാനുഫാക്ച്ചറിംഗ്, ചെലവ് കുറഞ്ഞ നിർമ്മാണ പ്രവർത്തനങ്ങൾ, പ്രീമിയം പോർട്ട്ഫോളിയോയിലേക്കുള്ള മാറ്റം എന്നിവ മൊത്തവരുമാനം വർദ്ധിക്കാൻ സഹായകമായി. കോപ്പർ വിലയിലുണ്ടായ വ്യതിയാനം വി-ഗാർഡിന്റെ ഇലക്ട്രിക്കൽ വിഭാഗത്തിന് കീഴിലുള്ള ഇലക്ട്രിക്ക് വയറുകൾക്ക് തിരിച്ചടിയായി. ആദ്യപകുതിയിലെ മുന്നേറ്റം രണ്ടാംപകുതിയിലും തുടരുമെന്നും, മികച്ച പ്രകടനം കാഴ്ചവയ്ക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നുവെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഗ്ലോബൽ ലൈവ്സ്റ്റോക്ക് കോൺക്ലേവ് വെബ്സൈറ്റും ബ്രോഷറും പുറത്തിറക്കി

വയനാട്ടിലെ പൂക്കോട് വെറ്ററിനറി കോളേജിൽ ഡിസംബർ 20 മുതൽ 29 വരെയാണ് കോൺക്ലേവ്

വയനാട് കേരള വെറ്ററിനറി സർവകലാശാലയിൽ ഡിസംബർ 20 മുതൽ 29 വരെ നടക്കുന്ന ആഗോള ലൈവ്സ്റ്റോക്ക് കോൺക്ലേവിന്റെ ലോഗോയും വെബ്സൈറ്റ് പ്രകാശനവും കൊച്ചിയിൽ നടന്നു. വെബ്സൈറ്റിന്റെ പ്രകാശനം കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആൻഡ് ഓഷ്യൻ സ്റ്റഡീസ് (കുഫോസ്) വൈസ് ചാൻസലർ ഡോ. പ്രദീപ് കുമാറും ബ്രോഷറിന്റെ പ്രകാശനം കുഫോസ് രജിസ്ട്രാർ പ്രൊഫ. ഡോ. ദിനേശ് കൈപ്പുള്ളിയും നിർവഹിക്കുന്നു

കൊച്ചി: ക്ഷീര-കന്നുകാലി, വളർത്തുമൃഗ മേഖലയുടെ സമഗ്ര വികസനവും ഉൽപാദനക്ഷമതയും ലക്ഷ്യമിട്ട് കേരള വെറ്ററിനറി സർവകലാശാല സംഘടിപ്പിക്കുന്ന ആഗോള ലൈവ്സ്റ്റോക്ക് കോൺക്ലേവിന്റെ വെബ്സൈറ്റ് കേരള യൂണിവേഴ്സിറ്റി ഓഫ് ഫിഷറീസ് ആന്റ് ഓഷ്യൻ സ്റ്റഡീസ് വൈസ് ചാൻസിലർ പ്രൊഫസർ ഡോ. പ്രദീപ് കുമാർ പുറത്തിറക്കി. കുഫോസ് രജിസ്ട്രാർ പ്രൊഫസർ ഡോ. ദിനേശ് കൈപ്പുള്ളി ബ്രോഷർ പ്രകാശനം ചെയ്തു. ഡിസംബർ 20 മുതൽ 29 വരെ വയനാട് പൂക്കോട് വെറ്ററിനറി കോളേജിൽ സംഘടിപ്പിക്കുന്ന രാജ്യത്തെ ഏറ്റവും വലിയ ആഗോള ലൈവ്സ്റ്റോക്ക് കോൺക്ലേവിലൂടെ ആധുനിക സാങ്കേതിക വിദ്യകളുടെ സഹായത്തോടെ മൃഗസംരക്ഷണം സാധ്യമാക്കുക, കന്നുകാലി-ക്ഷീര കാർഷികമേഖലയിൽ യുവാക്കൾക്കായി പുത്തൻ തൊഴിലവസരങ്ങൾ സൃഷ്ടിക്കുക എന്നിവയാണ് ലക്ഷ്യമിടുന്നത്. ചടങ്ങിൽ കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസ് യൂണിവേഴ്സിറ്റി രജിസ്ട്രാർ പ്രൊഫസർ ഡോ. പി. സുധീർ ബാബു, അക്കാദമിക് ആന്റ് റിസേർച്ച് ഡയറക്ടർ പ്രൊഫസർ ഡോ. സി. ലത, ഡയറക്ടർ ഓഫ് എന്റർപ്രണർഷിപ്പ് പ്രൊഫസർ. ഡോ. ടി.എസ്. രാജീവ്, അസ്സോസിയേറ്റ് പ്രൊഫസർ ഡോ. ജസ്റ്റിൻ ഡേവിസ് എന്നിവർ സംസാരിച്ചു.

ചക്കുളത്തുകാവ് ക്ഷേത്രത്തിൽ പൊങ്കാല ഡിസംബർ 13-ന്

കൊച്ചി: ആലപ്പുഴ ചക്കുളത്തുകാവ് ഭഗവതിക്ഷേത്രത്തിലെ പൊങ്കാല ഡിസംബർ 13-ന് നടക്കും. കാർത്തിക സ്തംഭം ഡിസംബർ 8-ന് ഉയരും. ട്രസ്റ്റ് പ്രസിഡന്റും മുഖ്യ കാര്യദർശിയുമായ രാധാകൃഷ്ണൻ നമ്പൂതിരി പൊങ്കാല അടുപ്പിൽ അഗ്നി പകരും. കേന്ദ്ര മന്ത്രി സുരേഷ് ഗോപിയും ഭാര്യ രാധികയും പൊങ്കാലയുടെ ഉദ്ഘാടനം നിർവഹിക്കും.

13-ന് വൈകിട്ട് 5-ന് നടക്കുന്ന സാംസ്കാരിക സമ്മേളനം മന്ത്രി കെ.ബി. ഗണേഷ് കുമാർ ഉദ്ഘാടനം ചെയ്യും. ബംഗാൾ ഗവർണർ സി.വി. ആനന്ദബോസ് കാർത്തിക സ്തംഭത്തിൽ അഗ്നിപകരുന്ന ചടങ്ങ് നിർവഹിക്കുമെന്ന് ക്ഷേത്ര മാനേജിംഗ് ട്രസ്റ്റിയും ചീഫ് അഡ്മിനിസ്ട്രേറ്ററുമായ മണിക്കുട്ടൻ നമ്പൂതിരി പറഞ്ഞു.

കയറ്റുമതിരംഗത്തെ കമ്പനികൾക്ക് താങ്ങായി സ്റ്റെൻ ഇന്ത്യയിൽ പ്രവർത്തനം വിപുലീകരിക്കുന്നു

കൊച്ചി: രാജ്യാന്തര വ്യാപാരരംഗത്ത് ധനകാര്യ സേവനങ്ങൾ ലഭ്യമാക്കുന്ന ഓൺലൈൻ ഫിനാൻസ് പ്ലാറ്റ്ഫോം ആയ സ്റ്റെൻ ഇന്ത്യയിൽ പ്രവർത്തനം വിപുലീകരിക്കുന്നു. രാജ്യാന്തര വ്യാപാര ഇടപാടുകൾ നടത്തുന്ന ചെറുകിട ഇടത്തരം ബിസിനസുകളുടെ (എസ്.എം.ഇ) സാമ്പത്തിക ആവശ്യങ്ങൾ നിറവേറ്റുന്ന സേവനങ്ങളാണ് സ്റ്റെൻ നൽകിവരുന്നത്. ഈ വിഭാഗത്തിലുൾപ്പെടുന്ന ഇന്ത്യയിലെ വർധിച്ചുവരുന്ന ബിസിനസുകൾക്ക് വളരാനും അന്താരാഷ്ട്ര വിപണിയിൽ മത്സരക്ഷമത വർധിപ്പിക്കാനും സഹായിക്കുകയാണ് സ്റ്റെന്നിന്റെ ലക്ഷ്യം. ആഗോളതലത്തിൽ സ്റ്റെൻ 20 ശതകോടിയിലേറെ ഡോളറിന്റെ ഇടപാടുകളാണ് ഇതിനകം പൂർത്തീകരിച്ചത്. ഇതിൽ 147 ദശലക്ഷം ഡോളറിന്റെ ഇടപാടുകൾ ഇന്ത്യൻ കമ്പനികളുടേതായിരുന്നു. അടുത്ത മൂന്നുവർഷത്തിനകം ഇന്ത്യയിൽ കാര്യമായ വളർച്ചയാണ് കമ്പനി ലക്ഷ്യമിടുന്നത്.

ഇന്റേൺഷിപ്പിന് ക്ഷണിക്കുന്നു

കോട്ടയം ജില്ലയിൽ നടപ്പാക്കിവരുന്ന അതിദാരിദ്ര്യ നിർമ്മാർജ്ജന പദ്ധതിയുടെ ജില്ലാതല സെല്ലിലേക്ക് എം.എ സ്.ഡബ്ല്യു. യോഗ്യതയുള്ളവരെ ഇന്റേൺഷിപ്പിന് ക്ഷണിച്ചു. ഇന്റേൺഷിപ്പ് പൂർത്തിയാകുന്നവർക്ക് ജില്ലാ കളക്ടർ പരിചയ സർട്ടിഫിക്കറ്റ് നൽകും.

താല്പര്യമുള്ളവർ നവംബർ 20 - നകം drdakottayam@gmail.com എന്ന മെയിൽ ഐഡിയിൽ ബയോഡാറ്റ അയച്ചുനൽകണം. കൂടുതൽ വിവരങ്ങൾക്ക്: ഫോൺ: 8848542725

അഷ്ടമി ക്രമീകരണങ്ങൾ

ദേവസ്വം ബോർഡ്

വൈക്കം: അഷ്ടമിയോടനുബന്ധിച്ച് ദേവസ്വം ബോർഡ് ഇത്തവണ മുന്നൊരുക്കങ്ങളെല്ലാം നേരത്തെതന്നെ പൂർത്തീകരിച്ചതായി വൈക്കം ദേവസ്വം അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ വി. ഈശ്വരൻ നമ്പൂതിരിയും അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ എം.ജി. മധുവും ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ കെ.ആർ. ശ്രീലതയും അറിയിച്ചു.

ദേവസ്വം മരാമത്ത് വിഭാഗം മുഖേന ചെയ്യേണ്ടതായ പന്തൽ വർക്കുകൾ, പെയിന്റിംഗ്, പരിസര ശുചീകരണം എന്നിവ കൊടിയേറ്റിന് മുന്നേ പൂർത്തീകരിച്ചു. ദേവസ്വം ഇലക്ട്രിക്കൽ വിഭാഗം മുഖേനയുള്ള ലൈറ്റ് ആന്റ് സൗണ്ട്, ഇലക്ട്രിക്കൽ മെയിന്റനൻസ് എന്നിവ നടപ്പാക്കി. കൂടാതെ ദേവസ്വത്തിന്റെ അഞ്ച് ഇലക്ട്രിക് കണക്ഷനുകൾ മാറ്റി ഒറ്റ കണക്ഷനാക്കണമെന്ന് ഇലക്ട്രിക് ഇൻസ്പെക്ടറേറ്റിന്റെ നിർദ്ദേശം പാലിച്ചുകൊണ്ട് ഒറ്റ കണക്ഷനാക്കി. താന്ത്രിക ചടങ്ങുകൾ സമയബന്ധിതമായി പൂർത്തീകരിച്ചിട്ടുണ്ട്. കൊടിമരത്തിന്റെ അറ്റകുറ്റപ്പണികൾ തീർത്തു. യാതൊരു ബുദ്ധിമുട്ടും കൂടാതെ ഉത്സവച്ചടങ്ങുകൾ ഗംഭീരമാക്കാനുള്ള ശ്രമത്തിലാണ് ദേവസ്വം അധികൃതർ.

അന്നദാന പ്രഭുവായ വൈക്കത്തപ്പന്റെ ഈ വർഷത്തെ അഷ്ടമി ഉത്സവത്തിന്റെ ഒരുക്കങ്ങൾ പൂർത്തിയായതായി ദേവസ്വം ഭാരവാഹികൾ പറഞ്ഞു. ഒമ്പതാം ഉത്സവത്തിന് പ്രശസ്തമായ ആനയൂട്ട് നടക്കും. ദേവസ്വം മന്ത്രി വി.എൻ. വാസവൻ നേതൃത്വം നൽകും. പ്രാതൽ സദ്യയിൽ പങ്കെടുക്കുന്ന ഭക്തജനങ്ങൾക്ക് ക്യൂ നിൽക്കാനുള്ള ബാരിക്കേഡ് സംവിധാനം മുൻകൂട്ടി തയ്യാറാക്കിയിട്ടുണ്ട്.

സാധാരണ രീതിയിലുള്ള പ്രാതൽസദ്യയ്ക്കു പുറമെ ഉത്സവത്തിന്റെ ഏഴാം ദിവസം മുതലുള്ള പ്രാതൽ ദേവസ്വം ബോർഡ് നേരിട്ടാണ് നടത്തുന്നത്. ആദ്യം 21 പറ, 25 പറ, 39 പറ, 45 പറ, 50 പറ അരിയുടെയും അഷ്ടമി ദിവസം 121 പറ അരിയുടെയും പ്രാതൽ സദ്യയാണ് നടത്തുന്നത്.

ആറാട്ടു ദിവസം 21 പറ അരിയുടെ സദ്യയും ഉണ്ടാകും. കുടിവെള്ള വിതരണത്തിന്റെ ചുമതല ക്ഷേത്രസംരക്ഷണ സമിതിയും ഏറ്റെടുത്തിട്ടുണ്ട്.

അഷ്ടമി ഉത്സവത്തിനായി എത്തിച്ചേരുന്ന ഭക്തജനങ്ങൾക്ക് വാഹന പാർക്കിംഗിനും പ്രാഥമിക ആവശ്യങ്ങൾക്കുമായി വടക്കേ നടയിൽ സൗകര്യമൊരുക്കിയിട്ടുണ്ട്. ആരോഗ്യ വിഭാഗത്തിന്റെയും ഫയർ ഫോഴ്സിന്റെയും പോലീസിന്റെയും സേവനം ഉത്സവ ദിവസത്തിന്റെ തുടക്കം മുതലേ ലഭ്യമാക്കുന്നുണ്ട്.

നഗരസഭ

നഗരസഭാ പരിധിയിലുള്ള 26 വാർഡുകളിലും ക്ഷേത്രനഗരിയുടെ പരിസരപ്രദേശങ്ങളിലെ റോഡുകളെല്ലാം തൊഴിലുറപ്പുകാരെക്കൊണ്ട് വൃത്തിയാക്കി. തെരുവുവിളക്കുകളെല്ലാം കത്തിക്കുന്നതിനാവശ്യമായ ബൾബുകൾ ഉപയോഗിച്ച് പ്രകാശമാനമാക്കി. പരിസരത്തുള്ള ജൈവമാലിന്യങ്ങളും അജൈവമാലിന്യങ്ങളും നീക്കം ചെയ്യുന്നതിനായി ഹരിതകർമ്മസേനയെ നിയോഗിച്ചിട്ടുണ്ട്. ഇവ വളമാക്കി മാറ്റുന്ന പ്രക്രിയയും നടന്നുവരുന്നു. അതുപോലെ പ്ലാസ്റ്റിക് മാലിന്യങ്ങൾ സംഭരിക്കുന്നതിനും കർമ്മസേനയെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

കൂടാതെ അഷ്ടമിയോടനുബന്ധിച്ച് എത്തുന്ന വഴിവാണിഭ കച്ചവടക്കാർക്കും സ്ഥലം അളന്നുതിരിച്ചുകൊടുത്തു. ബീച്ചിനടുത്തുള്ള സ്ഥലത്ത് അമ്യൂസ്മെന്റ് പാർക്ക് അടക്കം വന്നിട്ടുള്ള വഴിവാണിഭക്കാർക്കുമായി സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. ഇതുവഴി നഗരസഭയ്ക്ക് ഒരുകോടി രൂപയോളം വരുമാനം പ്രതീക്ഷിക്കുന്നതായി ചെയർപേഴ്സൺ പ്രീത രാജേഷ്, വൈസ് ചെയർമാൻ പി.ടി. സുഭാഷ് എന്നിവർ അറിയിച്ചു.

പോലീസ് വിഭാഗം

സുരക്ഷാ ശക്തമാക്കും

മഹാദേവക്ഷേത്രത്തിൽ പോലീസ് കൺട്രോൾറൂം തുറന്നു. ഇതിന്റെ ഉദ്ഘാടനം പ്രശസ്ത ചലച്ചിത്രതാരം ഹരിശ്രീ അശോകൻ ഭദ്രദീപം കൊളുത്തി നിർവഹിച്ചു. ഡി.വൈ.എസ്.പി. സിബിച്ചൻ ജോസ് അദ്ധ്യക്ഷത വഹിച്ചു. വൈക്കം എസ്.എച്ച്.ഒ., വൈക്കം ദേവസ്വം ഉദ്യോഗസ്ഥർ എന്നിവർ ചടങ്ങിൽ പങ്കെടുത്തു.

വൈക്കം: അഷ്ടമി ഉത്സവത്തിന്റെ സുഗമമായ നടത്തിപ്പിനായി ക്ഷേത്രനഗരിയിൽ പോലീസ് സുരക്ഷ ശക്തമാക്കിയിട്ടുണ്ട്. ഭക്തജനത്തിരക്ക് കൂടിവരുന്നതിനാൽ പോലീസ് സേന പ്രത്യേകം ജാഗ്രതയിലാണ്. 24 മണിക്കൂറും തുറന്നുപ്രവർത്തിക്കുന്ന കൺട്രോൾറൂമാണ് ആരംഭിച്ചിട്ടുള്ളത്. വടക്കേ ഗോപുരനടയിൽ പോലീസ് എയ്ഡ് പോസ്റ്റും പ്രവർത്തിച്ചുതുടങ്ങി. കൊടിയേറ്റം മുതൽ 80-ഓളം പോലീസുകാരെയാണ് ഡ്യൂട്ടിക്കായി നിയോഗിച്ചിട്ടുള്ളത്. തിരക്കേറിയ ദിവസങ്ങളിൽ കൂടുതൽ സേനയെ ഡ്യൂട്ടിക്കായി നിയോഗിക്കും. 22, 23, 24 ദിവസങ്ങളിൽ അധികമായി 600-ഓളം പോലീസ് സേനയെയാണ് വിന്യസിപ്പിക്കുന്നത്.

ക്ഷേത്രത്തിന്റെ ചുറ്റുപാടുകളിലും, ടൗൺ, ബീച്ച് പരിസരപ്രദേശങ്ങൾ എന്നിവിടങ്ങളിലും സി.സി.ടി.വി. ക്യാമറയുടെ നിരീക്ഷണം എർപ്പെടുത്തിയിട്ടുണ്ട്. മോഷണശ്രമം തടയുന്നതിനാവശ്യമായ പോലീസ് ഉദ്യോഗസ്ഥരെ മഫ്തി ഡ്യൂട്ടിയിലും നിയോഗിച്ചിട്ടുണ്ട്. ഉത്സവത്തോടനുബന്ധിച്ച് സാമൂഹ്യവിരുദ്ധ പ്രവർത്തനങ്ങൾ തടയുന്നതിനായി വൈക്കം എസ്.എച്ച്.ഒ.യുടെ നേതൃത്വത്തിൽ ശക്തമായ പോലീസ് പട്രോളിംഗ് നടക്കുന്നുണ്ട്. കരുതൽ തടങ്കൽ ഉൾപ്പെടെയുള്ള നിയമനടപടികളും ഇതിനോടകം സ്വീകരിക്കും. ക്ഷേത്രനഗരിയിൽ പോലീസ് പട്രോളിംഗ് മുഴുവൻസമയവും ഏർപ്പെടുത്തിയിട്ടുണ്ട്. കച്ചേരിക്കവല, പോസ്റ്റോഫീസ് ജംഗ്ഷൻ, പ്രൈവറ്റ് ബസ്സ്റ്റാന്റ്, കെ.എസ്.ആർ.ടി.സി. വരെ പാർക്കിംഗ് നിരോധനം ഏർപ്പെടുത്തി. താലൂക്കാശുപത്രി റോഡിൽ വാഹനങ്ങളുടെ പാർക്കിംഗ് കർശനമായി നിരോധിച്ചിട്ടുണ്ട്. 30,000-ത്തോളം വരുന്ന വാഹനങ്ങൾക്ക് പാർക്ക് ചെയ്യുന്നതിനായി ക്ഷേത്രത്തിന്റെ നാലുവശങ്ങളിലുമായി സ്വകാര്യ പാർക്കിംഗ് സൗകര്യങ്ങളുണ്ട്.

വൈക്കത്തഷ്ടമി ഒരു വിസ്മയ കാഴ്ച

ഡി.നാരായണൻ നമ്പൂതിരി (വൈക്കംമേൽശാന്തി)

ആദ്ധ്യാത്മിക ബോധത്തിൽ അടിയുറച്ചു ജീവിക്കുന്ന മലയാളിയുടെ ബോധത്തിന്റെയും ഭാവനയുടെയും താളിയോലകളിലൊന്നിൽ പണ്ടുമുതലേ ശിവ സങ്കല്പ രൂപത്തിൽ സ്ഥാനം നേടിയിട്ടുള്ളതാണ് തിരുവൈക്കത്തപ്പനും വൈക്കത്തഷ്ടമിയും. ആദ്ധ്യാത്മിക ബോധത്തിന് സാധാരണമായ പ്രാധാന്യം നൽകി രാജ്യ ഭരണം നടത്തിയിരുന്ന രാജഭരണക്കാലത്തും ജനാധിപത്യം ഭരണയന്ത്രം കയ്യാളുന്ന ഇന്നത്തെ കാലഘട്ടത്തിലും എല്ലാ അർത്ഥത്തിലും പ്രത്യേക പരിഗണന നേടിയെടുക്കാൻ സാധിച്ചിട്ടുള്ള ഒരു മഹാക്ഷേത്രമാണ് വൈക്കത്ത് പെരും തൃക്കോവിൽ. എല്ലാ ദൈവ സങ്കല്പങ്ങളേയും സ്വാംശീകരിച്ച് നിർവചിക്കാൻ കഴിയാത്ത ഒരു ശക്തി വിശേഷത്തെ പ്രകടമാക്കുന്ന ഒരു ഈശ്വര ചൈതന്യമാണ് വൈക്കത്തപ്പൻ. എങ്കിലും ജീവന്റെയും ബ്രഹ്മാണ്ഡത്തിന്റെയും പ്രതീകാത്മക രൂപമായ ശിവലിംഗ ബിംബ ഭാവത്തിലാണ് ഈ മഹാക്ഷേത്രത്തിലെ പ്രതിഷ്ഠ നിലകൊള്ളുന്നത്. സാംബശങ്കര രൂപത്തിൽ പൊതുവേ ഭക്ത മനസ്സുകളിൽ സ്ഥാനം നേടിയിട്ടുള്ള ഈ ശിവ ചൈതന്യം ദിവസത്തിന്റെ പ്രഭാതം, മദ്ധ്യാഹ്നം, പ്രദോഷം എന്നീ വ്യത്യസ്ത ഘട്ടങ്ങളിൽ ദക്ഷിണാമൂർത്തി, കിരാതമൂർത്തി, സാംബശിവമൂർത്തി എന്നീ വ്യത്യസ്ത മൂന്നു ഭാവങ്ങൾ പ്രകടിപ്പിക്കുന്നു എന്നാണ് വിശ്വസിക്കുന്നത്.

വേദകാല സാഹിത്യങ്ങളെ അടിസ്ഥാനമാക്കി ഒരു അന്വേഷണം നടത്തിയാൽ അനേകം ഭക്ത കോടികൾക്ക് അഭീഷ്ടവും ആശ്രയവും മോക്ഷവും നൽകുന്ന സദാശിവനായ ഈ ചൈതന്യത്തിന് ഉദ്ദേശം ത്രേതായുഗത്തോളം പഴക്കം കണക്കാക്കാം. ത്രേതായുഗത്തിൽ വരദനെന്ന ഒരു ശിവോപാസകൻ ചിദംബരത്തുപോയി കഠിനമായി തപസ്സുചെയ്ത് സമ്പാദിച്ചതാണ് വൈക്കം മഹാദേവ ക്ഷേത്രത്തിൽ പ്രതിഷ്ഠിതമായ ശിവചൈതന്യം. വിധി ബലത്തിൽ വരദൻ ഭൂമിയിൽ വച്ചുപോയ ശിവലിംഗം അനന്തരം പൂജിച്ച് ശിവ ദർശന സൗഭാഗ്യം നോടാൻ യോഗം ലഭിച്ചത് വ്യാഘ്രപാദ മഹർഷിക്കാണ്. മഹർഷിക്ക് മംഗള ദർശന സൗഭാഗ്യം ലഭിച്ചത് ഒരു വൃശ്ചിക മാസ (കാർത്തിക)ത്തിലെ കറുത്ത പക്ഷത്തിൽ വരുന്ന അഷ്ടമിയിലാണ്.

വൈക്കത്തപ്പൻ

വൈക്കത്തഷ്ടമി ഒരനുസ്മരണമെന്നോണം ഇന്നും ആചരിക്കപ്പെടുന്നത് പ്രസ്തുത ഐതിഹ്യം പരിപാവനമാക്കി വൃശ്ചികാഷ്ടമിക്കാണ്.

മഹർഷി പൂജിച്ച് ചൈതന്യ പൂർണ്ണമാക്കിയ ശിവലിംഗം കാലക്രമേണ പ്രളയജലത്തിൽ അകപ്പെട്ടു പോയി എന്നും, മഹാവിഷ്ണുവിന്റെ അവതാരമായ ഭാർഗ്ഗവരാമനാണ് ആ ചൈതന്യം കണ്ടറിഞ്ഞ് ലോകാനുഗ്രഹ കാരണമായി ക്ഷേത്രം പണിക്ക് തന്ത്ര വിധിപ്രകാരം പ്രതിഷ്ട നടത്തി ആചാരാനുഷ്ഠാനങ്ങൾ നിശ്ചയിച്ചത് എന്ന് വിശ്വസിക്കപ്പെടുന്നു.

വൃശ്ചിക മാസത്തിലെ കറുത്ത പക്ഷത്തിൽ വരുന്ന അഷ്ടമി ദിവസം പ്രഭാതത്തിൽ പ്രശസ്തമായ അഷ്ടമി ദർശനം നടക്കുന്നു. ഉദയം മുതൽ മൂന്നേമുക്കാൽ നാഴിക സമയം വരെ നീണ്ടു നിൽക്കുന്ന പുണ്യ മുഹൂർത്തം (കൂടുതൽ വൈശിഷ്ട്യമുള്ളതായി പരിഗണിക്കപ്പെടുന്നു.) വൃശ്ചികാഷ്ടമി പന്ത്രണ്ടാം ദിവസം ആകത്തക്കവിധം കാലേക്കൂട്ടി കൊടികയറ്റി ആണ് ഉത്സവം ആരംഭിക്കുന്നത്. പുരാതന ധീവര കുടുംബമായ ഉന്റാശ്ശേരിക്കാർ നടയിൽ സമർപ്പിക്കുന്ന കയറിലാണ് ശിവ ചൈതന്യം ആവാഹിച്ച് പൂജിച്ച കൊടി കയറ്റുന്നത്. സ്വർണ്ണ കാന്തിയിൽ മുങ്ങി നിൽക്കുന്ന കൊടി ഉയരുന്നതോടുകൂടി ക്ഷേത്രവും നഗരവും ജന ഹൃദയങ്ങളും ഉത്സവ ലഹരിയിൽ ആറാടുന്നു.

പണ്ടു കാലത്തെ നാട്ടു രാജ വംശങ്ങളുടെ പേരിലും ജന സമൂഹങ്ങളുടെ പേരിലും മറ്റും നടത്തപ്പെടുന്ന സന്ധ്യവേല എന്ന ആഘോഷം ഉത്സവം കൊടികയറുന്നതിനു മുമ്പുതന്നേ ക്ഷേത്രത്തിന് ഉത്സവഛായ നൽകുന്നു.

പ്രൗഢ ഗംഭീരമായ താന്ത്രിക കർമ്മങ്ങൾ, നയന മനോഹരങ്ങളായ എഴുന്നെള്ളിപ്പുകളും, രാഗ താള ഭാവലയ സംഗമം തീർക്കുന്ന കലാവിരുന്നുകൾ, മാനത്ത് വർണ്ണമഴ പൊഴിക്കുന്ന വെടിക്കെട്ടുകൾ, ക്ഷേത്രത്തിന് ദീപമാലകൾ ചാർത്തുന്ന ലക്ഷദീപങ്ങൾ, വിഭവ സമൃദ്ധമായ പ്രാതൽ സദ്യകൾ എന്നിവ അഷ്ടമി ഉത്സവത്തിന്റെ അവിസ്മരണീയമായ ആകർഷണീയതകാളണ്.

ആനന്ദ ദർശനം നേടി പ്രാതലുണ്ട് അനുഗ്രഹീതരാകുവാൻ നാടിന്റെ നാനാ ഭാഗത്തുനിന്നും ലക്ഷോപലക്ഷം ജനങ്ങൾ ഉത്സവ നാളുകളിൽ ക്ഷേത്രത്തിലെത്തും. ദേശവാസികൾ അവരുടെ ബന്ധുജനങ്ങൾക്കും സുഹൃത്തുക്കൾക്കും ആതിഥ്യമേകാനുള്ള ആഹ്ലാദ വേളയായി അഷ്ടമി ഉത്സവനാളുകളെ പരിഗണിക്കുന്നു. ഏറെ ശ്രദ്ധേയമാകുന്ന അഷ്ടമി മഹോത്സവം ഒരു ക്ഷേത്രോത്സവമെന്നതിലുപരി ഒരു ദേശീയോത്സവത്തിന്റെ പകിട്ടും പ്രൗഢിയും പ്രദർശിപ്പിച്ചുകൊണ്ട് ഒരു നിത്യവിസ്മയമായി ഓരോ കൊല്ലം കഴിയുന്തോറും പരിലസിക്കുകയാണ്, പരിണമിക്കുകയാണ്.

സൃഷ്ടി സ്ഥിതി വിനാശ കാരണ ഭൂതനായ വൈക്കത്തപ്പൻ



നമ: ശിവായ സാമ്പായ
സ്വഗണായ സ്വസൂനവേ
പ്രധാനപുരുഷേശായ
സൃഷ്ടിസ്ഥിത്യന്ത ഹേതവേ *

വൈക്കത്തപ്പന്റെ അനന്തവും അമേയവുമായ വാത്സല്യത്തെ സ്തുതിക്കുന്ന മഹാമന്ത്രമാണ് മേലുദ്ധരിച്ചത്. അവിടുത്തെ പുത്ര വാത്സല്യത്തിന്റെ പ്രത്യക്ഷോദാഹരണമാണ് വൈക്കത്തഷ്ടമി. താരകാസുര നിഗ്രഹം കഴിഞ്ഞ് വിജയശ്രീലാളിതനായി, ദേവസേനാപതിയായി ഉദയം ചെയ്ത സ്ഥലമാണ് ഉദയനാപുരം. സമസ്ത ഭൂവനത്തിനും ജീവരാശികൾക്കും താരകാസുരനിൽ നിന്നുള്ള കഷ്ടതകളകറ്റി വരുന്ന മകന്റെ സമാഗമനത്തിനായി തപിച്ചു കൊണ്ട് ഉപവാസമനുഷ്ഠിക്കുന്ന അച്ഛനമ്മമാരുടെ മുന്നിൽ സുബ്രഹ്മണ്യ സ്വാമി ദർശനം ചെയ്ത പുണ്യദിനമത്രേ അഷ്ടമി.

യുഗങ്ങൾ മാറിയിട്ടും ലോകം വ്രത വിശുദ്ധമാകുന്ന മംഗളമോയ ഈ മണ്ഡലകാലത്ത് അവാച്യമായ ദിവ്യാനുഭൂതികളുമായി വൈക്കത്തപ്പന്റെ അഷ്ടമി തിരുവുത്സവം പുതുമകളിൽ പുതുമയായി നമ്മെ പുളകം കൊള്ളിക്കുന്നു. അഷ്ടമി നാളിൽ ഒരു ദർശനം കൊണ്ട് തന്റെ അനന്തമായ പ്രേമഭാവം തന്നെ വിളമ്പുന്ന അന്നദാനപ്രഭുവാണ് വൈക്കത്തപ്പൻ. ദേവാഗണമായ വൈക്കത്തിന്റെ തിരുമുറ്റത്ത് സൽസന്താനങ്ങളുടെ ഈ ആത്മീയ സമ്മേളനം സനാതന സംസ്കൃതിയുടെ വറ്റാത്ത തെളിനീരുറവയായി ഭാവി തലമുറകൾക്ക് അനുഭവപ്പെടട്ടെ.

(മുൻ ശബരിമല മേൽശാന്തി)

കാലാക്കൽ കാവുടയോന്റെ ഉടവാൾ ഏറ്റുവാങ്ങി

വൈക്കം: വൈക്കത്തഷ്ടമിയുടെ വിശേഷാൽ ചടങ്ങുകൾക്കായി കാലാക്കൽ കാവുടയോന്റെ ഉടവാൾ ഏറ്റുവാങ്ങി. മേൽശാന്തി ടി.വി.പുരം സുനിലിൽ നിന്നും വൈക്കം ദേവസ്വം അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ വി. ഈശ്വരൻ നമ്പൂതിരിയാണ് ആചാരപ്രകാരം വിശേഷാൽ പൂജകൾക്കുശേഷം ഉടവാൾ ഏറ്റുവാങ്ങിയത്.

ഉടവാൾ വാദ്യമേളങ്ങളുടെ അകമ്പടിയോടെ ആർഭാടപൂർവം വൈക്കം ക്ഷേത്രത്തിലെക്ക് എഴുന്നള്ളിച്ചു. വൈക്കം ക്ഷേത്രത്തിലെ എഴുന്നള്ളിപ്പ് ക്ഷേത്രം വിട്ട് പുറത്തു പോകുന്ന അവസരത്തിൽ കാലാക്കൽ കാവുടയോന്റെ ഉടവാളുമായി ഒരാൾ അകമ്പടി സേവിക്കുക പതിവാണ്.

ഉത്സവത്തിന്റെ എട്ട്, ഒൻപത് ഉൽസവ ദിവസങ്ങളിൽ നടക്കുന്ന തെക്കും ചേരിമേൽ, വടക്കും ചേരിമേൽ എഴുന്നള്ളിപ്പിനും ആറാട്ടിനും ക്ഷേത്ര മതിൽക്കകം വിട്ട് എഴുന്നള്ളിപ്പ് പോകുന്ന ആചാരമുണ്ട്. ഉടവാൾ എഴുന്നള്ളിപ്പിന് കാലാക്കൽ ക്ഷേത്രം വെളിച്ചപ്പാട് രാജേഷ് നടുച്ചിറ ഉപദേശക സമിതി പ്രസിഡന്റ് കെ. എസ്. അജിമോൻ, സെക്രട്ടറി ശ്രീരാജ്. ജി. നായർ എന്നിവർ പങ്കെടുത്തു. നൂറുകണക്കിന് ഭക്തജനങ്ങളും ചടങ്ങിന് സാക്ഷ്യംവഹിച്ചു.

ഋഷഭവാഹനമെഴുന്നള്ളിപ്പ് ഭക്തിസാന്ദ്രമായി

ഋഷഭ വാഹനമെഴുന്നള്ളിപ്പ്

വൈക്കം: വെള്ളിയിൽ നിർമ്മിച്ച കാളയുടെ പുറത്ത് ഭഗവാന്റെ തങ്കത്തിടമ്പ് പട്ടുടയാടകൾ, കട്ടിമാലകൾ എന്നിവ കൊണ്ടലങ്കരിച്ച് തണ്ടിലേറ്റി അവകാശികളായ കിഴക്കേടത്ത്, പടിഞ്ഞാറെടത്ത് ഇല്ലത്തെ 40-ൽപരം മൂസതുമാർ വാദ്യമേളങ്ങളുടെ അകമ്പടിയോടെ ക്ഷേത്രത്തിന് അഞ്ചു പ്രദക്ഷിണം പൂർത്തിയാക്കിയാണ് ചടങ്ങ് നടത്തിയത്.

സത്യസായി സംഗീതോത്സവത്തിനു തുടക്കമായി

വൈക്കം: തെക്കേനട സത്യസായി മന്ദിരത്തിൽ പ്രൊഫസർ പി.ആർ. കുമാരകേരളവർമ്മ, പ്രൊഫസർ എം.എൻ. മൂർത്തി എന്നിവരുടെ സാന്നിദ്ധ്യത്തിൽ നടന്ന ചടങ്ങിൽവച്ച് തിരുവിഴ ശിവാനന്ദൻ സംഗീതോത്സവത്തിന് ദീപം തെളിയിച്ചു. തുടർന്ന് സുമേഷ് താമരശ്ശേരിയുടെ സോപാനസംഗീതത്തിന് ബാലു ശ്രീരി കൃഷ്ണദാസ് ഇടയ്ക്ക ഒരുക്കി. തിരുവിഴ ശിവാനന്ദൻ, വിജു എസ്. ആനന്ദ് എന്നിവരുടെ വയലിൻകച്ചേരിയും നടന്നു. വനിതാദിനമായി ആചരിച്ച നവംബർ 19 ചൊവ്വാഴ്ച വൈകിട്ട് അഭിരാമി അജയൻ, പാർവ്വതി അജയൻ, എം. മുത്തുകൃഷ്ണ എന്നിവരുടെ സംഗീതസദസ്സ് നടന്നു.

ശബരിമലയിൽ ഭക്തർക്ക് വിരി വെയ്ക്കാനുള്ള സൗകര്യം ഒരുങ്ങി

തിരുവനന്തപുരം: ശബരിമല മണ്ഡല-മകരവിളക്ക് മഹോത്സവകാലത്ത് പതിനായിരത്തോളം ഭക്തജനങ്ങൾക്ക് ഒരേസമയം വിരിവെയ്ക്കാനുള്ള വിപുലമായ സൗകര്യം സജ്ജീകരിച്ചതായി ദേവസ്വം ബോർഡ് അറിയിച്ചു.

രത്നശ്രീ അയ്യർ ദക്ഷിണേന്ത്യയിലെ ആദ്യ വനിതാ പ്രൊഫഷണൽ തബലിസ്റ്റ്

(സ്വന്തം ലേഖകൻ)

രത്നശ്രീ അയ്യർ

വൈക്കം: നിരവധി അന്തർസംസ്ഥാന അവാർഡുകളും അംഗീകാരങ്ങളും നേടിയ ദക്ഷിണേന്ത്യയിലെ ആദ്യത്തെ വനിതാ പ്രൊഫഷണൽ തബലിസ്റ്റാണ് വൈക്കത്തുകാരിയായ രത്നശ്രീ അയ്യർ. കലയ്ക്കു വേണ്ടി ജീവിതം സമർപ്പിച്ചിട്ടുള്ള വനിതകൾക്കായി എടപ്പാളിലെ ഗോൾഡൺ ഫ്രെയിം ഓർഗനൈസേഷൻ ഏർപ്പെടുത്തിയ മറ്റൊരു അവാർഡും രണ്ടാഴ്ച മുമ്പ് വൈക്കം തലയാഴം സ്വദേശിയായ രത്നശ്രീ അയ്യർക്കു നൽകി ആദരിച്ചിരുന്നു. കേരളത്തിൽനിന്നുതന്നെ ആദ്യമായിട്ടാണ് ഒരു വനിത തബല എന്ന വാദ്യകലാ ഉപകരണം പഠിച്ച് പ്രശസ്തിയിലേക്ക് ഉയർന്നുവരുന്നത്.

പ്രശസ്തയാകാനോ പ്രൊഫഷണലാകാനോ വേണ്ടി പഠിച്ചതല്ലെന്നാണ് രത്നശ്രീ പറയുന്നത്. ചെറുപ്രായത്തിലേ വാദ്യകലയോടു തോന്നിയ ഒരു അഭിരുചിയായിരുന്നു അവരെ ഉന്നതികളിലേക്ക് എത്തിച്ചത്. നർത്തകനായ സഹോദരന്റെ പരിപാടികൾക്കും സ്കൂൾപഠന കാലത്തുമൊക്കെ തബല വായിക്കുന്നത് കണ്ടും കേട്ടും വളർന്ന പ്പോഴാണ് ഈയൊരു കലയോടുള്ള കൗതുകം തോന്നിയത്. അങ്ങനെ ആറാം വയസ്സിൽതന്നെ തബല വായിക്കുന്നവരിൽനിന്നുതന്നെ പ്രാഥമിക പാഠങ്ങൾ മനസ്സിലാക്കി. മൂത്ത ജ്യേഷ്ഠസഹോദരൻ തബല ഒരെണ്ണം വാങ്ങിയതോടെ പാട്ടിനൊപ്പം സ്വന്തമായി തബലയും പരിശീലിച്ചു തുടങ്ങി. ദൂരദർശനിൽ സക്കീർ ഹുസൈന്റെ സോളോ കണ്ട് സഹോദരന്റെ സഹായത്തോടെ ഒരു സോളോ തയ്യാറാക്കി. ഇത് സ്കൂൾ യുവജനോത്സവത്തിൽ വായിച്ച് സമ്മാനം നേടി. ആ ഒരു പ്രോത്സാഹനമായിരുന്നു രത്നശ്രീയെ തബലവിദ്വാൻ കാരേക്കുടി ചെല്ലപ്പൻ മാസ്റ്ററുടെ അടുത്ത് തബല പഠിക്കാൻ എത്തിച്ചത്. അദ്ദേഹമായിരുന്നു ആദ്യഗുരുവും.

ആദ്യകാലങ്ങളിൽ ഭക്തിഗാനമേളകളിലും വൈക്കത്തപ്പന്റെ അന്നദാനട്രസ്റ്റിന്റെ കൂടെയും വായിച്ചിരുന്നു. പിന്നീടാണ് ക്ലാസിക്കൽ പഠിച്ചത്. അതിനുശേഷം റെക്കോർഡിംഗ് കൂടുതലായി ചെയ്യാൻ തുടങ്ങി. കലാലയജീവിതത്തിൽ സ്കൂൾതലത്തിലും യൂണിവേഴ്സിറ്റിതലത്തിലും സമ്മാനങ്ങൾ കിട്ടാൻ തുടങ്ങിയതോടെ ഉപരിപഠനത്തിലേക്കായി ചിന്ത. ഉപരിപഠനത്തിനായി ഹിന്ദുസ്ഥാനിയിലാണ് തബലയുടെ സാധ്യതയെന്ന ഗുരുനാഥന്റെ വാക്കുകളാണ് പിന്നീട് വഴിത്തിരിവായത്. അങ്ങനെ ഹൈദരാബാദിലെ തബല ലക്ചററായ ജയകാന്തിന്റെ ശിക്ഷണത്തിൽ നാലു വർഷം തബല അഭ്യസിച്ച് ഡിപ്ലോമ നേടി. തുടർന്ന് മഹാരാഷ്ട്രക്കാരനായ പ്രൊഫ. മനോഹർ കേഷ്കറിന്റെ മുംബൈയിലെ അഖിലഭാരതീയ ഗന്ധർവ്വമണ്ഡലിനു കീഴിൽ തബല വിശാരദിനു ചേർന്നു. അദ്ദേഹത്തിന്റെ നിർദ്ദേശാനുസരണം കോലാപ്പൂർ ശിവാജി സർവ്വകലാശാലയിൽ എം.എ. തബലയ്ക്ക് ചേർന്ന് റാങ്ക് നേടി. ഇതോടെ വിവിധ വേദികൾ പങ്കിട്ടപ്പോഴാണ് ഒരു പ്രൊഫഷണലിസ്റ്റിന്റെ അനുഭവം തോന്നിയതെന്ന് രത്നശ്രീ പറയുന്നു.

പിന്നീട് ജയകാന്തിന്റെ ഗുരുനാഥനായ പണ്ഡിറ്റ് അരവിന്ദ് മുൾഗാവുങ്കറുടെ ശിക്ഷണത്തിലും അദ്ദേഹത്തിന്റെ കാലശേഷം ജ്യേഷ്ഠൻ സുരേഷ് മുൾഗാവുങ്കറുടെയും കീഴിൽ പഠനം തുടർന്നുകൊണ്ടിരിക്കുന്നു. അങ്ങനെ ജീവിതത്തിൽ നേടിയെടുക്കേണ്ട ആ ഒരു ദൗത്യം പൂർത്തീകരിക്കുന്നതിൽ മുഴുകിയതിനാൽ വിവാഹത്തെക്കുറിച്ചും ചിന്തിച്ചിരുന്നില്ല. അതുകൊണ്ടുതന്നെ ഇവിടെവരെ എത്താൻ കഴിഞ്ഞു.

നിരവധി വേദികളിൽ പരിപാടികൾ അവതരിപ്പിച്ചിട്ടുണ്ടെങ്കിലും ഒറീസയിലും തമിഴ്നാട്ടിലുമൊക്കെ പ്രശസ്തയായതിനുശേഷമാണ് കേരളത്തിൽ അറിയപ്പെട്ടു തുടങ്ങിയത്. ചെന്നൈയിലെ ഒരു വേദിയിൽ കർണ്ണാടകസംഗീതവിദ്വാൻ ടി.വി. ഗോപാലകൃഷ്ണൻ സാറാണ് രത്നശ്രീ അയ്യർ ദക്ഷിണേന്ത്യയിലെ ആദ്യ വനിതാ പ്രൊഫഷണൽ തബലിസ്റ്റാണെന്ന് പബ്ലിക്കായി അനൗൺസ് ചെയ്തത്. അദ്ദേഹമാണ് എനിക്ക് ആ ടൈറ്റിൽ തന്നത്. അത് തന്റെ കാതുകളിൽ ഒരു അത്ഭുതം പോലെ ഇന്നും മുഴങ്ങിനിൽക്കുന്നതായി രത്നശ്രീ ഓർക്കുകയാണ്. എം.എസ്സി കെമിസ്ട്രി ബിരുദധാരിയായ രത്നശ്രീ അയ്യർ ഇപ്പോൾ കോട്ടയം എം.ജി. യൂണിവേഴ്സിറ്റിയിൽ ഇന്റർ യൂണിവേഴ്സിറ്റി സെന്റർ ഫോർ സയൻസ് ഇൻ മ്യൂസിക് ഡിപ്പാർട്ടുമെന്റിൽ തബലയിൽ ഗവേഷണം നടത്തി വരികയാണ്.

അഷ്ടമി ആശംസകൾ!

വ്യക്തിത്വ വികസനത്തിന് മാറ്റു കൂട്ടുന്ന തയ്യൽ കലകൾ ലയയിലൂടെ

ലയ ഗാർമെന്റ്സ്

പഞ്ചായത്ത് ജംഗ്ഷൻ, മറവൻതുരുത്ത്, വൈക്കം
പ്രൊപ്രൈറ്റർ: രമേശൻ. ഫോൺ: 9495048357, 8606148357

ക്ഷേത്രാചാര പ്രകാരം ക്ഷേത്രങ്ങളിലേക്കുള്ള കൊടിക്കൂറകൾ നിർമ്മിച്ചു നൽകുന്നു

അഷ്ടമി ആശംസകൾ!

രേവതി ടെക്സ്റ്റൽസ്

ചെമ്പ് പെട്രോൾ പമ്പിന് തെക്കു ഭാഗം
കുലശേഖരമംഗലം
വൈക്കം
ഫോൺ: 9400 7721 33

പ്രകൃതി

ഷുഗർലെസ്സ് ന്യൂട്രീഷ്യൻ ഫുഡ്സ്

ആന്റി ഓക്സിഡന്റുകളാലും എല്ലാത്തരം പോഷകങ്ങളാലും സമ്പന്നമായ, എല്ലാ വിധ രോഗാവസ്ഥയിലുള്ളവർക്കും ഉപയോഗിക്കാവുന്ന 'പ്രകൃതി ഷുഗർലെസ് ന്യൂട്രീഷ്യൻ ഫുഡ്സ്' ആരോഗ്യവും രോഗപ്രതിരോധ ശേഷിയും പതിന്മടങ്ങ് വർദ്ധിപ്പിക്കുന്നു.

ഉപഭോക്താക്കളും ഏജൻസികളും ബന്ധപ്പെടുക:

പ്രകൃതി പ്രൊഡക്ഷൻ സെന്റർ
ബ്രഹ്മമംഗലം

ഫോൺ: 9496302744

Vol. No.11. N0. 10. Edited, Printed and Published by Sukumaran Kochukari at Ayodhya Printers, Elamakkara, Kochi. for Rashtra Deepika Press, Kochi. Chairman : Eyamkodu Sreedharan, Chief Editor : Suresh Babu K.R. Communication Address: Naveena Bhumi, Bldg.No.417A, MLA Road,Panagad, Kochi-682506. Contact No. Mob:9447900314.